ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 11 | July - September 2022 | Edition 3



# പത്രാധിപക്കുറിപ്പ്

ആരോഗ്യം തന്നെ പ്രധാനം. 'ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ സാധ്യമാകൂ' എന്ന ചൊല്ല് ഇതിനെ ശരി വയ്ക്കുന്നു. അതുകൊണ്ട് ശരീരത്തിന്റെ സുഖമായ അവസ്ഥ നിലനിർത്താനാണ് ജീവിതത്തിൽ ആദ്യം പരിശ്രമിയ്ക്കേണ്ടത്. സുഖത്തിന്റെയും ദുഃഖത്തിന്റെയും അടിസ്ഥാനം ശരീരം തന്നെയാണ്. മനുഷ്യൻ ശരീരംകൊണ്ട് ചെയ്യുന്ന കർമ്മത്തിന്റെ ഫലമായുള്ള സുഖമായാലും ദുഃഖമായാലും അതാണ് മനുഷ്യൻ അനുഭവിയ്ക്കുന്നത്. അതിനാൽ അവനവന്റെ കയ്യിലാണ് സുഖവും ദുഃഖവുമുള്ളത്. എന്നാലും 'കസ്യ ദോഷഃ കുലേ നാസ്തി വ്യാധിനാ കോ ന പീഡിതഃ' എന്ന സുഭാഷിതവചനാനുസാരം എത്രതന്നെ നോക്കിയാലും ഒരു വീട്ടിലും രോഗം വരാതിരുന്നിട്ടില്ല. എങ്കിലും വരാതെ നോക്കുന്നതാണ് നമുക്ക് ശ്രേയസ്ക്കരം. വരുമെന്നു കരുതി പേടിച്ചിട്ട് കാര്യവുമില്ല. ശുചിത്വം, മിതവും ഹിതവുമായ ആഹാരവ്യായാമങ്ങൾ, മലമൂത്രാദികളുടെ സമയാസമയങ്ങളിലുള്ള നിർഗമനം, നിത്യേനയുള്ള അഭ്യംഗസ്നാനം, വാക്കുകളുടെ ശുദ്ധി തുടങ്ങിയ ചെലവ് കുറഞ്ഞ ദിവസേനയുള്ള കൃത്യങ്ങൾ പാലിച്ചാൽ തന്നെ തൊണ്ണൂറ് ശതമാനം രോഗങ്ങൾ നമ്മളെ തീണ്ടുകയില്ല. എങ്കിൽ പുരുഷാർത്ഥങ്ങൾ സാധിയ്ക്കുവാൻ ആവശ്യമായ ആയുസ്സാഗ്രഹിയ്ക്കുന്നവർ മേല്പറഞ്ഞവ പോലുള്ള ആയുർവേദോപദേശങ്ങൾ ആദരവോടെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ അഷ്ടാംഗഹൃദയം നമ്മളെ ഉദ്ബോധിപ്പിയ്ക്കുന്നു.

ആ അഷ്ടാംഗഹൃദയവചനമിതാ :

***ആയുഃ കാമയമാനേന ധർമാർഥസുഖസാധനം***
***ആയുർവേദോപദേശേഷു വിധേയഃ പരമാദരഃ***



# ശാംഭവി
## ത്രൈമാസിക
സൌജന്യ വിതരണത്തിന്

പുസ്തകം 11 ലക്കം 47

ജൂലായ് - സെപ്തംബർ 2022



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org



## എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**അർച്ചന ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**രവി പാറക്കുന്നം, തൃശ്ശൂർ**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. മാധവസ്തുതി
**2**

6. പര്യന്തപഞ്ചാശിക
**5**

7. പരമാർത്ഥസാരം (18)
**10**

5. സ്തുതികുസുമാഞ്ജലി (10)
**18**

8. താന്ത്രികവൈഷ്ണവദർശനം
**24**

3. കുട്ടികളുടെ
വാല്മീകിരാമായണം (31)
**26**

4. ഔഷധസസ്യങ്ങൾ (37)
പൂവാംകുറുന്തൽ
**29**

2 സംസ്കൃതപഠനം (50)
**30**

# മാധവസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

*തതോ വിഷ്ണവർപിതമനാ മാർകണ്ഡേയോ മഹാമതിഃ*
*തുഷ്ടാവ പ്രണതോ ഭൃത്വാ ദേവദേവം ജനാർദ്ദനം*

**സാരം** – വിഷ്ണുവിൽ അർപ്പിതമായ മനസ്സോടെ മഹാമതിയായ (അതി ബുദ്ധിമാനായ) മാർകണ്ഡേയമഹർഷി ദേവദേവനായ ജനാർദ്ദനനെ സ്തുതി ച്ചു.

*വിഷ്ണുനൈവോദിതം യത്തൽസ്തോത്രം കണ മഹാത്മാനഃ*
*സുഭാഷിതേന മനസാ തേന തുഷ്ടാവ മാധവം*

**സാരം** – വിഷ്ണുവിൽനിന്നുതന്നെ ഉയർന്നുവന്ന ഈ സ്തോത്രം നല്ല വാക്കു കൾ നിറഞ്ഞതായ മനസ്സോടെ മാധവനെ ഉദ്ദേശിച്ച് സ്തുതിച്ചു.

## സ്തുതി

*നാരായണം സഹസ്രാക്ഷം പദ്മനാഭം പുരാതനം*
*പ്രണതോസ്മി ഹൃഷീകേശം കിം മേ മൃത്യുഃ കരിഷ്യതി* 1

**സാരം** – നാരായണനും (ജ്ഞാനത്തിന്റെ ഉറവിടം അഥവാ ശുദ്ധചൈ തന്യം) സഹസ്രാക്ഷനും (എല്ലാവരിലൂടെയും കാണുന്നവൻ) പദ്മനാഭനും കാരണീഭൃതമായ (പദ്മം സ്വനാഭിയിൽ ഉണ്ടായവൻ) പുരാതനനുമായ (ആദിപുരുഷൻ) ഹൃഷീകേശനനെ (ജഗത്തിനെ പ്രകാശിപ്പിയ്ക്കുന്നവൻ) നമി യ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*ഗോവിന്ദം പുണ്ഡരീകാക്ഷമനന്തമജമവ്യയം*
*കേശവം ച പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 2

**സാരം** – പുണ്ഡരീകാക്ഷനും (വെള്ളത്താമരപോലുള്ള കൺകൾ ഉള്ള വൾ) അനന്തനും (അവസാനമില്ലാത്തവൻ) അജനും (ജന്മമില്ലാത്തവൻ) അവ്യയനും (നാശമില്ലാത്തവൻ) കേശവനുമായ (കേശി എന്ന അസുരനെ വധിച്ചവൻ അഥവാ കഃ എന്നാൽ ബ്രഹ്മാവ് ഈശഃ എന്നാൽ പരമശിവൻ. ഇവർ രണ്ടുപേരും പരമാത്മസ്വരൂപേണ ആരിൽ വർത്തിയ്ക്കുന്നുവോ അദ്ദേ ഹം) ഗോവിന്ദനെ ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെ യ്യില്ല.

*വാസുദേവം ജഗദ്യോനിം ഭാനുവർണമതീന്ദ്രിയം*
*ദാമോദരം പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 3

**സാരം** - ജഗദ്യോനിയും (ലോകത്തിന്റെ ഉറവിടം) ഭാനുവർണ്ണനും( സൂര്യസമാനമായ നിറമുള്ളവൻ) അതീന്ദ്രിയനും (ഇന്ദ്രിയങ്ങളാൽ അപ്രാപ്യമായവൻ) ദാമോദരനുമായ വാസുദേവനെ ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*ശംഖചക്രധരം ദേവം ഛന്നരൂപിണമവ്യയം*
*അധോക്ഷജം പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 4

**സാരം** - ഛന്നരൂപിയും (സാമാന്യജനത്തിന് അവ്യക്തൻ) അവ്യയനും ശംഖചക്രധരനും (ശംഖചക്രങ്ങൾ ഏന്തിയവൻ) ദേവനുമായ അധോക്ഷജനെ (പ്രത്യക്ഷമായി അറിയേണ്ടതായി ഒന്നുമില്ലാത്തവൻ) ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*വാരാഹം വാമനം വിഷ്ണും നരസിംഹം ജനാർദ്ദനം*
*മാധവം ച പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 5

**സാരം** - വാമനനായും നരസിംഹമായും വരാഹമായും അവതരിയ്ക്കുന്ന ജനാർദ്ദനനും (ജനങ്ങളാൽ ധ!ർമ്മാർത്ഥകാമമോക്ഷൾക്കായി യാചിയ്ക്കപ്പെടുന്നവൻ) മാധവനുമായ വിഷ്ണുവിനെ ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*പുരുഷം പുഷ്കരം പുണ്യം ക്ഷേമബീജം ജഗത്പതിം*
*ലോകനാഥം പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 6

**സാരം** - പുഷ്കരനും (പോഷണം ചെയ്യുന്നവൻ) ക്ഷേമബീജനും (ക്ഷേമത്തിന്റെ  മോക്ഷത്തിന്റെ ഉറവിടം) ലോകനാഥനും ജഗത്പതിയുമായ പുണ്യപുരുഷനായ വിഷ്ണുവിനെ ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*ഭൂതാത്മാനം മഹാത്മാനം ജഗദ്യോനിമയോനിജം*
*വിശ്വരൂപം പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 7

**സാരം** - ജഗദിയോനിയും അയോനിജനും ഭൂതാത്മാവും മഹാത്മാവും വിശ്വരൂപനുമായ വിഷ്ണുവിനെ ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*സഹസ്രശിരസം ദേവം വ്യക്താവ്യക്തം സനാതനം*
*മഹായോഗം പ്രപന്നോസ്മി കിം മേ മൃത്യുഃ കരിഷ്യതി* 8

**സാരം** - വ്യക്താവ്യക്തനും സനാതനനും സഹസ്രശിരസനും മഹാ യോഗവുമായിരിയ്ക്കുന്ന വിഷ്ണുവിനെ ആശ്രയിയ്ക്കുന്നു. മൃത്യു എന്നെ എന്തു ചെയ്യും? ഒന്നും ചെയ്യില്ല.

*ഇത്യുദീരിതമാകർണ്യ സ്തോത്രം തസ്യ മഹാത്മനഃ*
*അപയാതസ്തതോ മൃത്യുർവിഷ്ണുദൂതൈശ്ച പീഡിതഃ* 9

**സാരം** - ആ മഹാത്മാവായ വിഷ്ണുവിന്റെ സ്തോത്രം ഇപ്രകാരം ചൊല്ലി യത് കേട്ടിട്ട് വിഷ്ണുദൂതന്മാരാൽ പീഡിതനായി അവിടെനിന്നും മൃത്യു പോയി.

*ഇതി തേന ജിതോ മൃത്യുർമാർകണ്ഡേയേന ധീമതാ*
*പ്രസന്നേ പുണ്ഡരീകാക്ഷേ നൃസിംഹേ നാസ്തി ദുർലഭം* 10

**സാരം** - ഇപ്രകാരം ധീമാനായ മാർകണ്ഡേയമഹർഷി മൃത്യുവിനെ ജയിച്ചു. പുണ്ഡരീകാക്ഷനായ നരസിംഹമൂർത്തി സന്തുഷ്ടനായാൽ ദു!ലഭമാ യി ഒന്നുമില്ല.

*മൃത്യുഞ്ജയമിദം പുണ്യം മൃത്യുപ്രശമനം ശുഭം*
*മാർകണ്ഡേയഹിതാർഥായ സ്വയം വിഷ്ണുരുവാച ഹ* 11

**സാരം** - മൃത്യുവിനെ ഇല്ലാതാക്കുന്നതും ശുഭവും പുണ്യവുമായ ഈ മൃത്യു ഞ്ജയസ്തോത്രം മാർകണ്ഡേയന്റെ ഹിതത്തിനായി വിഷ്ണുഭഗവാൻ തന്നെ പറഞ്ഞ് കൊടുത്തതാണ്.

*യ ഇദം പഠതേ ഭക്ത്യാ ത്രികാലം നിയതഃ ശുചിഃ*
*നാകാലേ തസ്യ മൃത്യുഃ സ്യാന്നരസ്യാച്യുത ചേതസഃ* 12

**സാരം** - മൂന്ന് കാലത്തിങ്കലും വൃത്തിയോടെയും സംയമനത്തോടെയും ഭക്തിയോടെയും ഈ സ്തോത്രം പഠിയ്ക്കുന്നുവോ അവന് അകാലത്തിൽ മൃത്യു സംഭവിക്കുകയില്ല.

*ഹൃത്പദ്മമധ്യേ പുരുഷം പുരാണം*
*നാരായണം ശാശ്വതമാദിദേവം*
*സംചിന്ത്യ സൂര്യാദപി രാജമാനം*
*മൃത്യും സ യോഗി ജിതവാംസ്തദൈവ* 13

**സാരം** - ഹൃദയപദ്മത്തിൽ പുരാണനും പുരുഷനും ശാശ്വതനും ആദിദേ വനും സൂര്യനേക്കാൾ ശോഭിയ്ക്കുന്നവനുമായ നാരായണനെ ധ്യാനിയ്ക്കുന്നവൻ അപ്പോൾ തന്നെ മൃത്യുവിനെ ജയിച്ചിരിയ്ക്കുന്നു.

# പര്യന്തപഞ്ചാശിക

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

**ശ്ലോകം മുപ്പത്തിരണ്ട്**

*ആനന്ദാനന്തരാഭ്യാം ച സന്ധീഭാവോഥ വേദനാ*
*വേദ്യാനാം പ്രാണഭൂതേതി പൂർണ്ണം തദ്ഭൈരവം വപുഃ*

**അർത്ഥം** - ആനന്ദാനന്തരങ്ങളുടെ സന്ധീഭാവവും വേദനയുമാണ് വേദ്യങ്ങൾക്ക് പ്രാണഭൂതമായി നിലകൊള്ളുന്നത്. അതാണ് പൂർണ്ണമായ ഭൈരവശരീരം.

**ഭാവാർത്ഥം** - വേദനയെന്നാൽ ബോധം. ആ ബോധമാണ് വേദ്യങ്ങൾക്ക് അതായത് ബാഹ്യവസ്തുക്കൾക്ക് പ്രാണനായി നിലകൊള്ളുന്നത്. അതായത് ബോധമാണ് എല്ലാ വസ്തുക്കളുടേയും നിലനില്പിനാധാരം. വേറൊരുതരത്തിൽ പറഞ്ഞാൽ പ്രകാശമാണ് എല്ലാത്തിനേയും പ്രകാശിപ്പിക്കുന്നത്. പ്രകാശിപ്പിക്കപ്പെടുന്നതാണ് വേദ്യം. ആ പ്രകാശമാണ് ഭൈരവന്റെ ശരീരം.

**ശ്ലോകം മുപ്പത്തിമൂന്ന്**

*വേദ്യോല്ലാസോയമിച്ഛായാമീശനേ ചൈകതഃ സ്ഥിതഃ*
*സ്ഥൂലത്വേന പൃഥിവ്യാദിഭൂതപഞ്ചകതാമിയാത്*

**അർത്ഥം** - ഇച്ഛയും ഈശനവും വേദ്യത്തിലാണ് ഏകരൂപമായി നിലകൊള്ളുന്നത്. ആ വേദ്യം സ്ഥൂലരൂപത്തിൽ പൃഥിവ്യാദിപഞ്ചഭൂതമായിത്തീരുന്നു.

**ശ്ലോകം മുപ്പത്തിനാല്**

*സൂക്ഷ്മത്വേന ച ഗന്ധാദിപഞ്ചതന്മാത്രതാം തതഃ*
*കരണത്വേന സംസ്പർശാത് ഇന്ദ്രിയാണാം ദ്വിപഞ്ചതാം*

**അർത്ഥം** - സൂക്ഷ്മരൂപത്തിൽ വേദ്യം ഗന്ധാദിപഞ്ചതന്മാത്രകൾ (ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം) ആയി മാറുന്നു. സ്പർശത്താൽ പത്തിന്ദ്രിയങ്ങളുമായി മാറുന്നു.

## ശ്ലോകം മുപ്പത്തിയഞ്ച്

*വേദ്യതായാഃ ഛാദനേന വേത്തൃതോദ്ഭാസനക്രമേ*
*മനോഹംബുദ്ധിതാം ഏഷാമവിഭാഗേ പ്രധാനതാം*

**അർത്ഥം** - വേദ്യത്തെ മറച്ച് വേത്താവിന് (അറിയുന്നയാൾ) പ്രധാന്യം വരുമ്പോൾ മനസ്സ്, അഹങ്കാരം, ബുദ്ധി എന്നിവ ഉണ്ടാകുന്നു. ഇവയ്ക്ക് പരസ്പരം ഭേദമില്ലാതെ വരുമ്പോൾ പ്രകൃതിതത്വമായി മാറുന്നു.

## ശ്ലോകം മുപ്പത്തിയാറ്, മുപ്പത്തിയേഴ്

*അധ്രുവന്നിത്യസംയോഗാത് ദ്വിരൂപാദുഭയാത്മനഃ*
*ഇച്ഛാസ്വരൂപാദുന്മേഷാത് അന്യാഥാനുത്തരായുതാത്*

*ചതസ്രശ്ശക്തയോന്തസ്ഥാഃ പുംസോസ്യാന്തശ്ച ധാരികാഃ*
*ചിദ്വ്യോമ്നോ ജഡഭൂതശ്ച മായാമയ്യസ്ത്രിശങ്കുവത്*

**അർത്ഥം** - ദ്വിരൂപങ്ങളായ ഇച്ഛാ, ഉന്മേഷങ്ങൾ അനുത്തരയോടുകൂടി നിത്യസംയോഗത്തിലാകുമ്പോൾ നാല് ശക്തികളുണ്ടാകുന്നു. ഇവ പുരുഷനെ മറച്ചുവെക്കുന്ന ത്രിശങ്കുസ്ഥാനീയരായതും ജഡസ്വരൂപത്തോട് കൂടിയതും മായാസ്വരൂപത്തോട് കൂടിയതുമായ രാഗ, വിദ്യാ, കലാ മായകളാണ്.

**ഭാവാർത്ഥം** - ധാരണാ എന്നത് കഞ്ചുകങ്ങളുടെ പേരാണ്. മായാ തുടങ്ങിയ കഞ്ചുകങ്ങളെ ധരിപ്പിക്കുന്നതുകൊണ്ടാണ് കഞ്ചുകങ്ങൾക്ക് ധാരണാ എന്ന പേരുണ്ടായത്.

## ശ്ലോകം മുപ്പത്തിയെട്ട്

*ഇച്ഛാശക്തേസ്ത്രിരൂപായാസ്തിസ്രോന്യാശ്ശക്തയോഭവൻ*
*വിസർഗ്ഗോയമഥാത്യർത്ഥം സ്ഫുടോഭൂത് സൃജ്യവിസ്തരാത്*

**അർത്ഥം** - ത്രിരൂപയായ ഇച്ഛാശക്തിയിൽ നിന്നും മറ്റ് മൂന്ന് ശക്തികളുണ്ടായി. തുടർന്ന് സൃഷ്ടിയെ വിസ്തരിപ്പിക്കുന്നതുകൊണ്ട് മൂന്നു ശക്തികളായ വിസർഗ്ഗം സ്ഫുടമായിത്തീർന്നു.

**ഭാവാർത്ഥം** - തന്ത്രലോകമനുസരിച്ച് ശിവന്റെ ശിവനിൽ തന്നെയുള്ള ക്ഷേപമാണ് വിസർഗ്ഗശക്തി. (സ്വാത്മനഃ സ്വാത്മനി സ്വാത്മക്ഷേപോ വൈസർഗ്ഗികീ സ്ഥിതിഃ)

## ശ്ലോകം മുപ്പത്തിയൊൻപത്

*ഏതത്സൃഷ്ട്വാത്മശക്തീനാം ഇതരേതരമിശ്രണാത്ഥ*

*വേത്ക്ഷോഭാന്തരം നാസ്മാദ്  വിസർഗ്ഗാത് ബാഹ്യതോ ഭവേത്*

**അർത്ഥം** - സ്വശക്തികളെ തന്റെ തന്നെ മറ്റ് ശക്തികളുമായി കൂട്ടിയോജിപ്പിച്ച് ഇതിനെ (വിസർഗ്ഗത്തെ) സൃഷ്ടിതിന് ശേഷം വേറൊരു ക്ഷോഭം അഥവാ സൃഷ്ടി വിസർഗ്ഗത്തിൽ നിന്നും ബാഹ്യമായി ഉണ്ടാകുന്നില്ല.

## ശ്ലോകം നാൽപത്

*ഇയത്സർവ്വം സദിച്ഛാദിദ്വാരാനുത്തരവൈഭവേ*
*വിശ്രമ്യ വിശ്രമ്യ മുഹുസ്തത ഏവ വിസൃജ്യതേ*

**അർത്ഥം** - ഇതു മുഴുവൻ ഇച്ഛാദികൾ വഴിയായി അനുത്തരഭൈരവനിൽ തന്നെ വിശ്രമിച്ചിട്ട് വീണ്ടും അനുത്തരഭൈരവനിൽ നിന്നും സൃഷ്ടിക്കപ്പെടുന്നു.

## ശ്ലോകം നാല്പത്തിയൊന്ന്

*അന്തർനിലീനാനന്താർത്ഥസ്വാത്മാമർശശ്ചിതിഃ പരാ*
*ഏവാരവഹാത് യേയം മന്ത്രീ വാക്ശുദ്ധകർത്തൃതാ*

**അർത്ഥം** - പരാ എന്നത് പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളേയും തന്റെ ഉള്ളിൽ ഒതുക്കിയവളും സ്വപരാമർശസ്വഭാവത്തോട് കൂടിയവളും ശുദ്ധകർത്തൃസ്വഭാവത്തോട് കൂടിയവളുമാണ്.

**ഭാവാർത്ഥം** - ഈ ശ്ലോകത്തിലൂടെ പരാ എന്ന വാക്കിന്റെ അവസ്ഥയാണ്  പ്രതിപാദിച്ചിരിക്കുന്നത്. ഇനി വരുന്ന ശ്ലോകങ്ങളിൽ പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നീ വാക്കിന്റെ തലങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു.

## ശ്ലോകം നാല്പത്തിരണ്ട്

*ഭേദിതാന്തഃ കൃതാഖണ്ഡഭാവാവേക്ഷാ പരാപരാ*
*കർത്തൃതാ സൈവ പശ്യന്തീ തസ്യൈവേശദശാശ്രയാ*

**അർത്ഥം** - ഉള്ളിൽ അഖണ്ഡമായപദാർത്ഥങ്ങളെ കാണുന്നവളും പരാപരയായിട്ടുള്ളവളും കർത്തൃസ്വഭാവത്തോട് കൂടിയവളും ഈശ്വരാവസ്ഥയിലുള്ളവളുമാണ് പശ്യന്തീ എന്ന വാക്കിന്റെ അവസ്ഥ.

## ശ്ലോകം നാല്പത്തിമൂന്ന്

*മദ്ധ്യമാ സക്രമാ സ്ഥൂലാ അന്തഃകരണവർത്തിനീ*
*വികല്പനാഭിന്നവാച്യാ പ്രാണവൃത്തിവിഭേദിതാ*

**അർത്ഥം** - മദ്ധ്യമാ വാക്ക് എന്നത് ക്രമത്തോട് കൂടിയതും സ്ഥൂലവും ബു

ദ്ധിയിൽ സ്ഥിതിചെയ്യുന്നതും വികല്പം എന്ന പേരോട് കൂടിയതും പ്രാണവൃത്തി യാൽ ഭേദം വരുത്തപ്പെട്ടതുമാണ്.

### ശ്ലോകം നാല്പത്തിനാല്

*സ്വവാസനാതാദവസ്ഥ്യാത് ദശയോഃ പൂർവ്വയോരപി*
*മായാ മാതുർമ്മിതത്വം സ്യാത് പശ്യന്ത്യാശ്ച ക്രമോ ഹ്യണഃ*

**അർത്ഥം** - സ്വവാസനകളുടെ അവസ്ഥാഭേദമനുസരിച്ച് മുൻപറഞ്ഞ രണ്ട് ദശകളിലും (പശ്യന്തീ, മദ്ധ്യമാ) പരിമിതമായ മായാപ്രമാതൃത്വമാണ്, അണുത്വമാണ് ഉണ്ടാകുന്നത്.

### ശ്ലോകം നാല്പത്തിയഞ്ച്

*തയോരാവിശ്യ ദശയോഃ ക്രമാച്ഛാന്തവികല്പയോഃ*
*ധന്യസ്സ്വസംവിദ്വിസ്താരം സാശ്ചര്യമനുപശ്യതി*

**അർത്ഥം** - ശാന്തവികല്പങ്ങളായ ആ ദശകളെ ആവേശിച്ചിട്ട് ധന്യനാ യി സ്വസംവിദ്വികാസത്തെ ആശ്ചര്യത്തോടെ കാണുന്നു.

**ഭാവാർത്ഥം** - ശാന്തം എന്നത് കൊണ്ട് പശ്യന്തീ അവസ്ഥയേയും വികല്പം എന്നതുകൊണ്ട് മദ്ധ്യമാ എന്ന വാക്കിന്റെ അവസ്ഥയേയും ആണ് ഉദ്ദേശിക്കുന്നത്. ഈ രണ്ട് അവസ്ഥകളേയും മനസ്സിലാക്കുന്നവർക്ക് സംവി ദ്വിസ്താരം സംഭവിക്കുന്നു.

### ശ്ലോകം നാല്പത്തിയാറ്

*സാ സ്ഥാനകരണാഘാതപുംവ്യാപാരാത്മികാ സതീ*
*വൈഖരീ വൃത്തയോ യസ്യാസ്താ ഇമാഃ ശ്രുതിഗോചരാഃ*

**അർത്ഥം** - വൈഖരിയെന്നത് സ്ഥാനം, കരണം തുടങ്ങിയവയിൽ വാ യുവിന്റെ ആഘാതം കൊണ്ടുണ്ടാവുന്നവയും പുരുഷവ്യാപാരം കൊണ്ടുണ്ടാവു ന്നതും ശ്രുതിഗോചരവുമായ ശബ്ദവിശേഷമാണ്.

### ശ്ലോകം നാല്പത്തിയേഴ്

*ആഭിഃ പരസ്പരം ജ്ഞാനസംക്രാന്ത്യാത്മാ സ ലൌകികഃ*
*വ്യാവഹാരോഥ ശാസ്ത്രീയോ നാനാസംകോചസംകടഃ*

**അർത്ഥം** - സ്ഥാനം, കരണം, ആഘാതം എന്നിവയിൽനിന്നുണ്ടാകുന്ന ജ്ഞാനസംക്രാന്തിസ്വഭാവത്തോട് കൂടിയ വൈഖരിയാണ് ലൌകികവും ശാസ്ത്രീയവുമായ എല്ലാ വ്യവഹാരങ്ങളുമായി മാറുന്നത്.

## ശ്ലോകം നാല്പത്തിയെട്ട്

*ഇതി വാഗ്വ്യാപ്തിവിദ്വാംസമേതദ്വർഗ്ഗാധിദേവതാഃ*
*മാഹേശ്വരീമുഖാ ദേവ്യോ ജാഗരേപി ന ഭുഞ്ജതേ*

**അർത്ഥം** - ഇപ്രകാരം വാക്കിന്റെ വ്യാപ്തി അറിയുന്ന ഒരാളെ മാഹേശ്വരീ തുടങ്ങിയ വാദേവതകൾ ജാഗ്രത്തായിരിക്കുമ്പോഴും പ്രാപിക്കുന്നില്ല അല്ലെങ്കിൽ വ്യാമോഹിപ്പിക്കുന്നില്ല.

**ഭാവാർത്ഥം** - വാക്കിന്റെ വ്യാപ്തി അറിയുകയെന്നുവച്ചാൽ വാക്കിന്റെ പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്നീ ഭേദങ്ങളെ കൃത്യമായി മനസ്സിലാക്കുക എന്നർത്ഥം. ബ്രാഹ്മീ, മാഹേശ്വരീ, കൌമാരീ, വൈഷ്ണവീ, വാരാഹീ, ഇന്ദ്രാണീ, ചാമുണ്ഡാ, മഹാലക്ഷ്മീ ഇന്നിവരാണ് വാദേവതകൾ. ബ്രാഹ്മീ തുടങ്ങിയ ദേവതകളാണ് കവർഗ്ഗം തുടങ്ങിയവയുടെ ദേവതകൾ. ഈ വാദേവതകളുടെ പ്രത്യേകത ഇവരെ കൃത്യമായി മനസ്സിലാക്കിയാൽ ഇവർ ഒരു രീതിയിലും വാക്കുകളുടെ മായാലോകത്ത് കെട്ടിയിടില്ല, പകരം സ്വസ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും ചെയ്യും.

## ശ്ലോകം നാല്പത്തിയൊൻപത്

*ഉപായേ നാഗ്രഹഃ കാര്യ ഉപേയാ ഭൈരവീസ്ഥിതിഃ*
*യാസൌ സ്വസംവിത്ത് താമേവ സർവ്വോപായാം സമാവിശേത്*

**അർത്ഥം** - ഉപായത്തിൽ അല്ല ആഗ്രഹം വയ്ക്കേണ്ടത് ഉപേയത്തിലാണ്. ആ ഉപേയമാണ് ഭൈരവീസ്ഥിതി. ആ ഭൈരവീസ്ഥിതിയാണ് സ്വബോധം. അങ്ങനെയുള്ള സർവ്വോപായമായ ബോധത്തിന്റെ ആവേശമുണ്ടാവണം.

## ശ്ലോകം അൻപത്

*ആദ്യന്താന്തർഗ്ഗതാനന്തവാച്യവാചകനിർഭരം*
*രഹസ്യം മന്ത്രമുദ്രാണാം പ്രപദ്യേനുത്തരം മഹഃ*

**അർത്ഥം** - ആദ്യന്തത്തിൽ അടങ്ങിയിട്ടുള്ള അനന്തമായ വാച്യവാചകങ്ങളെക്കൊണ്ട് പൂർണ്ണമായ മന്ത്രമുദ്രകളുടെ രഹസ്യമായ പ്രകാശരൂപത്തോട് കൂടിയ അനുത്തരത്തെ ഞാൻ പ്രാപിക്കുന്നു.

**ഭാവാർത്ഥം** - ആദ്യാന്തർഗ്ഗതം എന്നാൽ അഹം എന്ന ശബ്ദത്തിന് ഇയടിൽ എന്നർത്ഥം. അഹം എന്നുള്ള അനുത്തരയിൽ ഈ പ്രപഞ്ചം മുഴുവൻ അടങ്ങിയിരിക്കുന്നു എന്നർത്ഥം. ഈ അഹം തന്നെയാണ് മന്ത്രരഹസ്യവും മുദ്രാരഹസ്യവും. അഹം എന്നുള്ളത് പ്രകാശസ്വരൂപവുമാണ്.

### ശ്ലോകം അൻപത്തിയൊന്ന്

*ശംഭോരഭിന്നഹൃദയാ ജയന്തി ഗുരവഃ പുരാ*
*നിർവ്വ്യുത്ഥാനസമാധാനപ്രാപ്തപര്യന്തസംപദഃ*

**അർത്ഥം** - ജീവത്സമാധിയാകുന്ന പരമമായ സമ്പത്തുള്ളവരും ശിവ നിൽനിന്ന് അഭിന്നമായ ഹൃദയത്തോട് കൂടിയവരുമായ എന്റെ ഗുരുക്കന്മാർ വിജയിക്കട്ടെ.

അഭിനവഗുപ്തപാദരാൽ എഴുതപ്പെട്ട പര്യന്തപഞ്ചാശിക എന്ന കൃതി ഇവിടെ പൂർണ്ണമാകുന്നു.

* * *

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (18)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

കഥമേവ ദുർന്നിവാരോ മഹാമോഹോ ദേഹാദിപ്രമാതൃതാസമുത്ഥഃ പ്രലീയത ഇതി ഭഗവത്സ്വാതന്ത്ര്യമേവാത്ര ഹേതുരിത്യാഹ.

*33. സ്വജ്ഞാനവിഭവഭാസനയോഗേനോദ്വേഷ്ടയേന്നിജാത്മാനം.*
*ഇതി ബന്ധമോക്ഷചിത്രാം ക്രീഡാം പ്രതനോതി പരമശിവഃ.*

**സാരം** - ദേഹാദികളായിട്ട് പ്രമാതൃതയെ സ്വീകരിച്ചതിനു ശേഷം മറികടക്കാൻ വളരെ പ്രയാസമേറിയതായ മഹാമോഹം ഇല്ലാതാകുന്നതിന് ആ ഭഗവാന്റെ സ്വാതന്ത്ര്യം തന്നെയാണ് കാരണമെന്ന് പറയുന്നു.

തന്റെ ജ്ഞാനവിഭവത്തിന്റെ പ്രകാശനം കൊണ്ട് തന്നെ തന്നെ അനാച്ഛാദനം ചെയ്യുന്നു. ഇപ്രകാരം ബന്ധം മോക്ഷം എന്നിങ്ങനെയുള്ള ക്രീഡയെ പരമശിവൻ സ്വയം ചെയ്യുന്നു.

**വിവൃതി** - സ്വസ്യ ആത്മനശ്ചൈതന്യലക്ഷണസ്യ യത് ജ്ഞാനം സ്വസ്വാതന്ത്ര്യാവഗമസ്തസ്യ വിഭവഃ ദേഹാദ്യഭിമാനവിഗലനേന യച്ചിത്സ്വരൂപേ പരാഹന്താചമത്കാരരൂപസ്യ സ്വസ്വാതന്ത്ര്യസ്യ സ്ഫീതത്ത്വം ചിദാനന്ദൈ

കഘനഃ സ്വതന്ത്രോസ്മീതി തസ്യ ബോധസ്വാതന്ത്ര്യസ്വരൂപസ്യ വിഭവസ്യ ഭാസനം പ്രകാശഃ സർവ്വോ മമായം വിഭവ ഇതി ബാഹ്യതയാഭിമതസ്യ സർവ്വസ്യ സ്വാത്മന്യേവ സ്വീകാരസ്തസ്യ യോഗഃ ഏവം പരിശീലനക്രമേണാത്മനി യദ്വിമർശദാർഢ്യമേവമേതേന സ്വജ്ഞാനവിഭവഭാസനയോഗേന നിജമാത്മാനം നാന്യത ഉപനതം ചൈതന്യസ്വഭാവം ഉദ്വേഷ്ടയതേ ദേഹപ്രാണപുര്യഷ്ടകശൂന്യപരാമർശനാനിഗഡൈര്യോ വേഷ്ടത ആസീത്തമേവ ചൈതന്യസ്വരൂപഃ സ്വതന്ത്രോസ്മീതി വിമർശനേന പുനരപി ഭഗവാനേവോദ്വേഷ്ടനം വിഗതവേഷ്ടനം കുരുത ഇതി. ഏവമഖ്യാതിബലാദാഗതം സ്വാത്മനോ ദേഹാദ്യാവരണം തത്പുനരപി ഖ്യാതിബലാദ്വിനശ്യതീതി സ്വവികല്പകല്പിത ഇയാൻ ദോഷ ഇതി ശ്രീമദ്ഗ്രന്ഥകൃതാ തന്ത്രസാരേ നിരൂപിതം.

*യോ നിശ്ചയഃ പശുജനസ്യ ജഡോസ്മി കർമ്മ-*
*സംപാശിതോസ്മി മലിനോസ്മി പരേരിതോസ്മി.*
*ഇത്യേതദന്യദൃഢനിശ്ചയലാഭയുക്ത്യാ*
*സദ്യഃ പതിർഭവതി വിശ്വവപുശ്ചിദാത്മാ. ഇതി.*

കിമിതി ബധ്നാതി മുഞ്ചതി ച ഭഗവാനിത്യാഹ. ഇതി ബന്ധ ഇത്യാദി. ഇതി പ്രാക് പ്രതിപാദിതേന ക്രമേണ ഭഗവാൻ സ്വതന്ത്രഃ പരമശിവഃ പൂർണ്ണചിദാനന്ദൈകഘനലക്ഷണഃ സ്വരൂപഗോപനസതത്ത്വക്രീഡാശീലത്ത്വാദഖ്യാത്യവഭാസനപൂർവ്വം സ്വാത്മാനമേവ ദേഹാദിപ്രമാതൃതാപന്നം വിധായ സ്വരൂപം പ്രച്ഛാദ്യ ച ബന്ധം വിദധാതി തഥൈവ പുനഃ സ്വേച്ഛാതഃ സ്വാത്മജ്ഞാനപ്രകാശക്രമേണ ദേഹാദിപ്രമാതൃതാബന്ധം നിവാര്യ സ ഏവ തം സ്വാത്മാനം മോചയതീത്യുഭയഥാ ബന്ധമോക്ഷചിത്രാം സംസാരാപവർഗ്ഗസ്വരൂപാശ്ചര്യമയീം ക്രീഡാം ഖേലാം പ്രതനോതി വിസ്താരയത്യേകാകീ നരമാമ്യഹമിതി. സ്വഭാവ ഏവൈഷ ദേവസ്യ യത്താം താമപ്യവസ്ഥാമാപന്നഃ സ്വരൂപരൂപഃ സൻ സർവ്വത്രാനുഭവിതൃതയാ പ്രഥത ഇത്യേതദേവ സ്വാതന്ത്ര്യം.

**പരിഭാഷ** - തന്റെ ചൈതന്യലക്ഷണത്തിന്റെ ജ്ഞാനം അഥവാ സ്വാതന്ത്ര്യബോധം എന്നതിന്റെ വൈഭവം കാരണമായി ദേഹാദികളിലുള്ള അഭിമാനം നീങ്ങി ഞാൻ ചിദാനന്ദൈകഘനനാകുന്നുവെന്ന പരാഹന്താചമത്കാരരൂപമാകുന്ന സ്വസ്വാതന്ത്ര്യത്തിന്റെ പ്രകാശം ഉണ്ടാകുന്നു. അതേ പ്രകാശം കാരണമായി പുറത്തു കാണുന്നതെല്ലാം എന്റെ തന്നെ വിഭവങ്ങളാകുന്നുവെന്നും പുറത്തു കാണുന്ന എല്ലാ വസ്തുക്കളും തന്നിൽ തന്നെ ഉള്ളതാണെന്നുമുള്ള ജ്ഞാനം ഉണ്ടാകുന്നു. ഈ ബോധത്തിന്റെ നിരന്തരപരിശീലനം കൊണ്ട് തങ്കൽ ആ വിമർശം ദൃഢമാകുകയും ഇപ്രകാരമുള്ള തന്റെ തന്നെ വിഭവത്തിന്റെ (വിശേഷമായി ഭവിച്ചതിന്റെ) പ്രകാശിപ്പിക്കുക എന്ന യോഗം കൊണ്ട് തന്റെ തന്നെ ചൈതന്യത്തെ (വേറെ ഉത്പാദിപ്പിക്കപ്പെട്ട

ഒന്നിന്റെ അല്ല) അനാവരണം ചെയ്യുന്നു. ഇപ്രകാരം ദേഹം, പ്രാണൻ, പുര്യഷ്ട കം, ശൂന്യം എന്നിങ്ങനെ പാശങ്ങളെക്കൊണ്ട് കെട്ടപ്പെട്ടിരുന്ന ആ ബോധ ത്തെത്തന്നെ ഞാൻ സ്വതന്ത്രരൂപനായ ചൈതന്യമാകുന്നു എന്നുള്ള വിമർ ശംകൊണ്ട് ബന്ധനമുക്തനാക്കുന്നു. ഇങ്ങനെ അഖ്യാതിയുടെ (അജ്ഞാനം) ബലത്താൽ സംഭവിക്കപ്പെട്ട തന്റെ ദേഹാദ്യാവരണം ഖ്യാതിയുടെ (ജ്ഞാനം) ബലത്താൽ ഇല്ലാതാകുന്നു. തന്റെ തന്നെ വികല്പ്പങ്ങളിലൂടെ വന്ന ദോഷമാ ണിത് എന്ന് ഗ്രന്ഥകാരനായ ശ്രീമദഭിനവഗുപ്തപാദരാൽ തന്നെ തന്റെ തന്ത്രസാരമെന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പരാമർശിക്കപ്പെട്ടിരിക്കുന്നു.

പാശബദ്ധരായ ജീവന്മാരുടെ താൻ ജഡനാകുന്നു, പാശബദ്ധനാകു ന്നു, മലിനനാകുന്നു, മറ്റൊരാളാൽ നിശ്ചയിക്കപ്പെട്ട കർമ്മത്തോടു കൂടിയവ നാകുന്നു ഇപ്രകാരമെല്ലാമുള്ള ഉറച്ച ബോധം താൻ സമ്പൂർണ്ണ സ്വതന്ത്രനാ ണെന്നുള്ള ദൃഢമായ രണ്ടാമത്തെ നിശ്ചയം കാരണമായി ഇല്ലാതാകുകയും അപ്പോൾത്തന്നെ ഈ പ്രപഞ്ചം തന്നെ ശരീരമായിട്ടുള്ളവനും ചിദാത്മാവുമാ ണ് താനെന്ന ബോധമുണ്ടാകുകയും ചെയ്യുന്നു.

ഭഗവാൻ ബന്ധിപ്പിക്കുകയും മോചിപ്പിക്കുകയും ചെയ്യുന്നതെന്തിനെന്ന് പറയുന്നു. മുമ്പു പറഞ്ഞ ക്രമത്താൽ ഭഗവാൻ സ്വതന്ത്രനും പരമശിവനും പൂർ ണ്ണചിദാനന്ദൈകഘനനും തന്റെ തന്നെ രൂപത്തെ മറക്കുന്നതായുള്ള ക്രീഡ ശീലമുള്ളവനായതു കൊണ്ട് അജ്ഞാനത്തെക്കൊണ്ട് തന്റെ തന്നെ സ്വരൂ പത്തെ ദേഹാദികളായിത്തീർന്നു കൊണ്ട് മറച്ച് ബന്ധിപ്പിച്ചിട്ട് വീണ്ടും സ്വേച്ഛ കൊണ്ട് സ്വാത്മജ്ഞാനപ്രകാശത്താൽ ദേഹാദിപ്രമാതൃതയെ മാറ്റി സ്വയം തന്നെ മോചിപ്പിക്കുകയും ചെയ്തിട്ട് ബന്ധിപ്പിക്കുക, മോചിപ്പിക്കുക എന്നിങ്ങ നെയുള്ള സംസാരം, മോക്ഷം എന്ന ആശ്ചര്യകരമായ ക്രീഡയെ ഞാൻ ഏകനായി ക്രീഡിക്കില്ല എന്ന ബോധത്തോടെ ചെയ്തുകൊണ്ടേയിരിക്കുന്നു. തന്റെ തന്നെ സ്വരൂപത്തിലിരുന്നു കൊണ്ടു വിവിധ ഭൂമികകളിൽ എല്ലായിട ത്തും അനുഭവിതാവായി സ്ഥിതി ചെയ്യുക എന്നത് ആ ശിവന്റെ സ്വഭാവമാകു ന്നു. അതു തന്നെയാണ് ആ പരമമായതിന്റെ സ്വാതന്ത്ര്യം.

ന കേവലമേതദ്യാവദപരഃ കശ്ചിദവസ്ഥാവിശേഷഃ സ്വസ്മിൻ രൂപേ വി ശ്രാന്തഃ ഏവാവഭാസ്യതേ ഭഗവതേത്യാഹ.

*34. സൃഷ്ടിസ്ഥിതിസംഹാരാ ജാഗ്രത്സ്വപ്നൌ സുഷുപ്തമിതി തസ്മിൻ.*
*ഭാന്തി തുരീയേ ധാമനി തഥാപി തൈർനാവൃതം ഭാതി.*

**സാരം** - കേവലം ഈ അവസ്ഥ മാത്രമല്ല മറ്റവസ്ഥാവിശേഷങ്ങളും ഭഗ വാന്റെ സ്വരൂപത്തിൽത്തന്നെ നിലകൊള്ളുന്നുവെന്നു പറയുന്നു.

സൃഷ്ടി, സ്ഥിതി, സംഹാരം ജാഗ്രത്, സ്വപ്നം എന്നീ അവസ്ഥകൾ സുഷുപ്ത മെന്ന ആ തുരീയാവസ്ഥയിൽ നില നില്ക്കുന്നു. എന്നാലും തുരീയാവസ്ഥ ഇവ യെക്കൊണ്ട് മൂടപ്പെടുന്നില്ല.

**വിവൃതി** - വിശ്വാപേക്ഷയാ യേ സർഗ്ഗാദയോ മായാപ്രമാതൃഗതാശ്ച യേ ജാഗ്രദാദയോ അവസ്ഥാവിശേഷാസ്ത ഉഭയഥൈതസ്മിൻ ഭഗവത്യാനന്ദഘ നേ തുരീയേ ധാമനി ചതുർത്ഥേ പൂർണ്ണാഹന്താമയേ ഭാന്തി തദ്വിശ്രാന്താഃ സന്തഃ സ്വരൂപസത്താം കല്പിതപ്രമാത്രപേക്ഷയാ ബാഹ്യതയാ ലഭ്യന്തേ. പര മേശ്വരഭിത്തൌ യന്ന പ്രകാശതേ തദ്ബാഹ്യതയാപി ന പ്രകാശതേ അതഃ

*ത്രിഷു ചതുർത്ഥം തൈലവദാസേച്യം. ഇതി.*

സർവ്വാവസ്ഥാസു തുരീയം രൂപമനുസ്യൂതത്വേന സ്ഥിതമിതി പരമാർ ത്ഥഃ. ഏതാവതാ തത്ര തൈഃ സ്വരൂപമാച്ഛാദിതം സ്യാന്ന വേത്ത്യാഹ തഥാപി തൈർന്നാവൃതം ഭാതി ഇതി. ഇത്ഥമപി തൈഃ സ്വരൂപസത്താർത്ഥമാവൃതമ പി തേഭ്യഃ സമുത്തീർണ്ണതയാ സർവ്വാനുഭവിതൃതയാ സർവ്വത്രാവഭാസത ഏവ ന പുനസ്തദാവരണേന പൂർണ്ണസ്വരൂപതാം തത്ര തിരോധത്ത ഇതി ശിവധാമ സർവ്വാവസ്ഥാസ്വപി സദൈവ പരിപൂർണ്ണം.

**പരിഭാഷ** - വിശ്വമെന്ന അവസ്ഥയുടെ പക്ഷത്ത് നിന്നു നോക്കിയാൽ സൃഷ്ടി തുടങ്ങിയവയും മായാപ്രമാതാവിന്റെ പക്ഷത്തു നിന്നു നോക്കിയാൽ ജാഗ്രദാദി അവസ്ഥാവിശേഷങ്ങളും ഈ ആനന്ദഘനനായവനും തുരീയാവ സ്ഥാസ്വരൂപനും പൂർണ്ണാഹന്താമയനുമായ ഭഗവാനിൽ നിലകൊള്ളുന്നു അഥവാ അതിൽത്തന്നെ നിന്നു കൊണ്ട് കല്പിക്കപ്പെട്ട പ്രമാതാവിന്റെ ഉള്ളിൽ നിലനിന്നുകൊണ്ട് ബാഹ്യരൂപത്തിൽ കാണപ്പെടുന്നു. പരമേശ്വര നിൽ എന്താണോ പ്രകാശിക്കാത്തത് അത് ബാഹ്യരൂപത്തിലും പ്രകാശിക്ക പ്പെടുന്നില്ല. അതിനാൽ

മൂന്നിലുമായി (മൂന്നവസ്ഥകളിലുമായി) നാലാമത്തേത് (തുരീയാവസ്ഥ) എണ്ണ വ്യാപിച്ചിരിക്കുന്നതു പോലെ വ്യാപിച്ചിരിക്കുന്നു. (ശിവസൂത്രം 3-20)

ഇതു പ്രകാരം എല്ലാ അവസ്ഥകളിയും തുരീയാവസ്ഥ അനുസ്യൂതമായി സ്ഥിതമായിരിക്കുന്നുവെന്നത് പരമാർത്ഥമാകുന്നു. ഈ അവസ്ഥകളെക്കൊ ണ്ട് ആ തുരീയാവസ്ഥ മൂടപ്പെടുന്നുണ്ടോ ഇല്ലയോ എന്നു ചോദിച്ചാൽ ഇല്ല എന്നു വരുന്നു. ഇപ്രകാരം അവയാൽ സ്വരൂപസത്തയിൽ ആവൃതമായിട്ടു കൂടി ജാഗ്രദാദികളിൽ നിന്നും പരമായി ഉയർന്നു കൊണ്ട് എല്ലാത്തിന്റെയും അനുഭവിതാവായി എല്ലായിടത്തും പ്രകാശമാനമായി നിലനില്ക്കുന്നു. മൂന്നവ സ്ഥകളാകുന്ന ആവരണം പൂർണ്ണസ്വരൂപമായ തുരീയസ്വരൂപത്തെ മറക്കു ന്നതേ ഇല്ല. പരമമായ ആ ശിവാവസ്ഥ മറ്റെല്ലാ അവസ്ഥകളിലും പരിപൂർണ്ണ മായിത്തന്നെ നില നില്ക്കുന്നു.

വേദാന്തഭാഷാഭിർജാഗ്രദാദീനാം ത്രയാണാം സ്വരൂപം വ്യവഹരംസ്തദ നുസ്യൂതമപി തതഃ പരം തുരീയമാവേദയതി.

*35. ജാഗ്രദ്വിശ്വം ഭേദാത്സ്വപ്നസ്തേജഃ പ്രകാശമാഹാത്മ്യാത്.*

*പ്രാജ്ഞഃ സുപ്താവസ്ഥാ ജ്ഞാനഘനത്വാത്തതഃ പരം തുര്യം.*

**സാരം** - വേദാന്തഭാഷയിൽ ജാഗ്രത്സ്വപ്നസുഷുപ്തികളുടെ സ്വരൂപത്തെ പ്രതിപാദിച്ച് അതിൽ അനുസ്യൂതമായി വ്യവഹരിച്ചു കൊണ്ടു തന്നെ അതിൽ നിന്നു പരമായി നില നില്ക്കുന്ന തുരീയാവസ്ഥയെക്കുറിച്ചു പറയുന്നു.

ജാഗ്രദവസ്ഥ ഭേദമായതു കൊണ്ട് വിശ്വമാകുന്നു. സ്വപ്നാവസ്ഥ പ്രകാശ മാഹാത്മ്യത്തോടു കൂടിയതായതു കൊണ്ട് തേജസ്സാകുന്നു. സുഷുപ്ത്യവസ്ഥാ ജ്ഞാനഘനമായതു കൊണ്ട് പ്രാജ്ഞവുമാകുന്നു. തുരീയാവസ്ഥ ഇതിൽ നിന്നെല്ലാമതീതമാകുന്നു.

**വിവൃതി** - ജാഗ്രദവസ്ഥൈവ വിശ്വം ബ്രഹ്മണോ വൈരാജം സ്വരൂപം. കുതഃ ഭേദാത് ശബ്ദാദിവിഷയപഞ്ചകസ്യ ബാഹ്യതയാ പരമേശ്വരസൃഷ്ടസ്യൈവ സർവ്വപ്രമാതൃണാം ചക്ഷുരാദീന്ദ്രിയപ്രവൃത്തേരിത്യേകസ്യൈവ ബ്രഹ്മണോ വിഷയവിഷയിഭാവേന സ്ഥിതസ്യ നാനേന്ദ്രിയജ്ഞാനവൈചിത്ര്യം. അത ഏവ ശിവസൂത്രേഷു-

*ജ്ഞാനം ജാഗ്രത്. ഇതി.*
*ഏഷാ ബ്രഹ്മണോ വിരാഡവസ്ഥാ ഗീയതേ. യച്ഛ്രുതിഃ.*
*യോ വിശ്വതശ്ചക്ഷുരുത വിശ്വതോമുഖോ വിശ്വതോബാഹുരുതവിശ്വസ്പാത്.*
*സംബാഹുഭ്യാം നമതേ സംയജത്രൈദ്യാവാപൃഥിവീജനയന്ദേവ ഏക.*
*ഇതി.*

തഥാ സ്വപ്നഃ തേജോവസ്ഥാ ബ്രഹ്മണഃ. കുത ഇത്യാഹ. പ്രകാശമാഹാത്മ്യാത് ഇതി.സ്വപ്നേ ബഹിഷ്കരണാനിശബ്ദാദൌ വിഷയേ താവന്ന പ്രഗല്ഭ്യതേ നാപി തത്ര ബാഹ്യം ശബ്ദാദികം നാമ കിഞ്ചിത്പരമാർത്ഥസദ്വിദ്യതേ നാപി ബാഹ്യതയാധ്യവസായസ്യാവിദ്യാദി കിഞ്ചിദ്ഭിന്നമഭിന്നം വാ കരണാന്തരമുപലഭ്യതേ യുക്ത്യാ വിചാര്യമാണം വോപപദ്യതേऽഥ ച സ്വപ്നേ സർവ്വം പ്രകാശതേऽത ഇദമർഥബലാദായാതം യത്സ ഏവ ഭഗവാൻ സ്വസ്വഭാവോ ദേവസ്തത്തത്പ്രമാതൃതാം സമാവിഷ്ടഃ സ്വപ്നായമാനഃ സ്വാത്മാനമേവ പ്രകാശസ്വാതന്ത്ര്യാദ്ഗൃഹനഗരാട്ടാലാദ്യനേക-പ്രമാതൃവൈചിത്ര്യരൂപതയാ പ്രവിഭജ്യ പ്രതിപ്രമാതൃസ്വപ്നേऽസാധാരണമേവ വിശ്വം പ്രകാശയത്യേവേതി ബ്രഹ്മണഃ സ്വാതന്ത്ര്യം സ്വപ്ന ഏവ ബ്രഹ്മവാദിഭിരഭ്യുപഗതം. യതോ വേദാന്തേഷ്വിദമുക്തം.

*പ്രവിഭജ്യാത്മനാത്മാനം സൃഷ്ട്വാ ഭാവാൻ പർഥഗ്വിധാൻ*
*സർവ്വേശ്വരഃ സർവ്വമയഃ സ്വപ്നേ ഭോക്താ പ്രകാശതേ. ഇതി.*

പ്രകാശമാഹാത്മ്യമേവാത്ര ഹേതുരതഃ സ്വപ്നോ ബ്രഹ്മണസ്തേജോऽവസ്ഥേതി. തഥാ പ്രാജ്ഞഃ സുപ്താവസ്ഥാ ഇതി. സർവ്വപ്രമാതൃണാം യാ സുപ്താവസ്ഥാ സുഷുപ്തം സാ പ്രാജ്ഞഃ ഇതി ബ്രഹ്മണഃ പ്രാജ്ഞാവസ്ഥേതി. യതഃ സർ

വ്വപ്രമാതൃണാം ഗ്രാഹ്യഗ്രാഹകപ്രപഞ്ചവിലയാൻ മഹാശൂന്യത്വരൂപേ ഗ്രാഹ്യാദിവിലയേ സംസ്കാരശേഷേ സുഷുപ്തേ വിശ്വസ്യ ബീജഭൂതസ്യ ബ്രഹ്മണഃ ഏവ പ്രജ്ഞാ ബ്രഹ്മ പ്രജ്ഞാതൃതയാ അന്തരതമമവശിഷ്യത ഇതി യാവത്. സർവസ്യ പ്രമാതുർന്നീലസുഖാദിവൈചിത്ര്യപ്രഥായാഃ സൈഷാ സംസ്കാരഭൂമിസ്തതഃ പ്രബുദ്ധസ്യ പ്രാഗനുഭൂതവദ് വ്യവഹാരദർശനാദന്യഥാ യദ്യസ്യാം ഭൂമൌ സ്ഥിരം പ്രജ്ഞാതൃസ്വഭാവം സർവ്വക്രോഡീകാരേണ ബ്രഹ്മ ന പ്രകാശിഷ്യത കുതസ്തത ഉത്ഥിതസ്യ പ്രമാതുഃ പ്രാഗനുഭൂതവസ്തുനസ്തഥൈവ തദിത്യനുഭൂതചരത്വേന സ്മൃതിരുദപത്സ്യത നാപി സുഖമഹമസ്വാപ്സം ദുഃഖമഹമസ്വാപ്സം ഗാഢമൂഢോഽഹമാസമിത്യനുഭവഃ പ്രാദുരഭവിഷ്യദിതി. തഥാ ച ഭട്ടദിവാകരവത്സഃ.-

സർവേഽനുഭൂതാ യദി നാന്തരർത്ഥാസ്തദാത്മസാത്കാരസുരക്ഷിതാഃ സ്യുഃ.

വിജ്ഞാതവസ്തുപ്രതിമോഷരൂപാ കാചിത്സ്മൃതിർന്നാമ ന സംഭവേത്തത്. ഇതി.

ഇത്ഥം സുഷുപ്തം ചിന്മയമേവ ബ്രഹ്മണഃ പ്രാജ്ഞാവസ്ഥേതി ഗീയതേ. കുതഃ ജ്ഞാനഘനത്ത്വാത് ഇതി. സുഷുപ്തതുര്യയോഃ സാധാരണോഽയം ഹേതുരിത്യുഭയത്ര യോജ്യം. ഏഷാ സുഷുപ്തഭൂമിഃ ജ്ഞാനഘനാ പ്രകാശമൂർത്തിഃ കേവലം വിശ്വപ്രലയസംസ്കാരേണധ്യാമലാ സതീ ശുദ്ധചിന്മയീ ന ഭവതീതി. യദുക്തം സ്പന്ദശാസ്ത്രേ-

*ജ്ഞാനജ്ഞേയസ്വരൂപിണ്യാ ശക്ത്യാ പരമയാ യുതാ.*
*പദദ്വയേവിഭുർഭാതിതദന്യത്ര തു ചിന്മയഃ. ഇതി.*

തഥാ തതഃ പരം തുര്യം ഇതി.തസ്മാത് സുഷുപ്താത് പരം അന്ന്യന്നിഃശേഷപാശവവാസനാസംസ്കാരപരിക്ഷയാച്ഛുദ്ധപൂർണ്ണാനന്ദമയംബ്രഹ്മണസ്തുരീയം രൂപമനുഗുണം നാമ. യദത്ര നാമാന്വർത്ഥം ന കിഞ്ചിദുപപദ്യതേഽതോ വ്യാഖ്യാതസ്യാവസ്ഥാത്രയസ്യ വിശ്രാമഭൂതം സർവ്വാന്തരതമത്ത്വേനാനുസ്യൂതമിതി ചതുഃസംഖ്യാപൂരണേന തുര്യം ഇതി പൂരണപ്രത്യയേന സംഖ്യാവ്യപദേശോഽത്ര കൃതഃ കഥമവസ്ഥാത്രയസ്യാനുസ്യൂതമപി തതഃ പരമേതദിത്യാഹ ജ്ഞാനഘനത്ത്വാദിതി. യതോ ജാഗ്രദാദയോഽവസ്ഥാഃ സർവ്വാ ഭേദപ്രവണത്ത്വാത് പ്രമാതൃണാസജ്ഞാനമയ്യസ്തുരീയം ഗ്രാഹ്യഗ്രാഹകക്ഷോഭപ്രളയസംസ്കാരപരിക്ഷയാജ്ഞാനഘനപ്രകാശാനന്ദമൂർത്ത്യതസ്തദന്തഃസ്ഥമപി താഭ്യോഽവസ്ഥാഭ്യശ്ചിന്മയതയാ സമുത്തീർണ്ണത്ത്വാത് പരം അന്യദിതി. ഏവമവസ്ഥാവിചിത്രം പരമാദ്വയസ്വഭാവം സ്വതന്ത്രം ബ്രഹ്മൈവ പൂർണ്ണം വിജൃംഭതേ.

**പരിഭാഷ** - ജാഗ്രദവസ്ഥയാണ് വിശ്വം അഥവാ ബ്രഹ്മത്തിന്റെ വിരാട് സ്വരൂപം, കാരണം പരമേശ്വരനാൽ പുറത്തു കാണത്തക്കവിധം സൃഷ്ടിക്കപ്പെട്ട ശബ്ദാദിവിഷയങ്ങൾ ചക്ഷുരാദി ഇന്ദ്രിയപ്രവൃത്തികളുടേതാകുന്നു. ഇപ്ര

കാരം ഒരേയൊരു ബ്രഹ്മം തന്നെ വിഷയവിഷയിരൂപത്തിൽ സ്ഥിതമാകുകയും അതിൽ നിന്നും ഇന്ദ്രിയജ്ഞാനമാകുന്ന നാനാവൈചിത്ര്യങ്ങളുണ്ടാകുകയും ചെയ്യുന്നു. അതിനാൽത്തന്നെ ശിവസൂത്രത്തിൽ ഇപ്രകാരം പറയപ്പെടുന്നു.

ജ്ഞാനമാണ് ജാഗ്രദവസ്ഥ.

ഇതു തന്നെയാണ് ബ്രഹ്മത്തിന്റെ വിരാഡവസ്ഥയായി പറയപ്പെടുന്നത്.

വിശ്വം മുഴുവൻ നേത്രങ്ങളുള്ളവനും. വിശ്വം മുഴുവനും മുഖമായിട്ടുള്ളവനും വിശ്വം മുഴുവനും കാലുകളും കൈകളുമുള്ളവനും ആയ ആ വിരാഡ്രൂപം മനുഷ്യപക്ഷ്യാദികളെ കൈകളോടും കാൽകളോടും ചിറകുകളോടും കൂടിയതാക്കിത്തീർക്കുകയും ദ്യാവാപൃഥിവികളെ സൃഷ്ടിക്കുകയും ചെയ്യുന്നു. (ശ്വേതാശ്വതരോപനിഷത്ത്-3-3).

സ്വപ്നമെന്നത് ബ്രഹ്മത്തിന്റെ തേജോവസ്ഥയാകുന്നു, കാരണം പ്രകാശമാഹാത്മ്യം കൊണ്ട്. സ്വപ്നത്തിൽ ബാഹ്യേന്ദ്രിയങ്ങൾ ശബ്ദാദിവിഷയങ്ങളിൽ പ്രവർത്തിക്കുന്നില്ല. ആ സ്ഥിതിയിൽ ശരിക്കും ശബ്ദാദിവിഷയങ്ങളുമില്ല ബാഹ്യരൂപത്തിൽ അധ്യവസായത്തിനായി (അറിയാനായി) അവിദ്യാദ്യവസ്ഥകളുടെ ഭിന്നമോ അഭിന്നമോ ആയ കാരണങ്ങളും നിലനില്ക്കുന്നില്ല, ഏതെങ്കിലും കാരണങ്ങളെ ചിന്തിക്കാനും സാധിക്കില്ല. എങ്കിലും സ്വപ്നാവസ്ഥയിൽ അനുഭവങ്ങളെ അറിയുന്നുണ്ട്. അതിനാൽ സ്വാത്മസ്വരൂപനായ ഭഗവാൻ തന്നെ വിവിധപ്രമാതൃഭാവങ്ങളെ ധാരണ ചെയ്ത് സ്വപ്നമായിത്തീർന്നിട്ട് തന്നെത്തന്നെ പ്രകാശത്തിന്റെ സ്വാതന്ത്ര്യം കാരണമായിട്ട് ഗൃഹം നഗരം അട്ടാലം എന്നിങ്ങനെ വിവിധാധികരണങ്ങളിൽ അനേകപ്രമാതാക്കളുടെ രൂപത്തിൽ വിഭജിച്ച് ഓരോ പ്രമാതാക്കളുടെയും സ്വപ്നത്തിൽ അസാധാരണമായ വിശ്വത്തെ പ്രകാശിപ്പിക്കുന്നുവെന്ന് അർത്ഥാപത്തിയിൽ നിന്നും സിദ്ധമാകുന്നു.ബ്രഹ്മവാദികൾ മേല്പ്പറഞ്ഞ രീതിയിൽ സ്വപ്നാവസ്ഥയിൽത്തന്നെ ബ്രഹ്മത്തിന്റെ സ്വാതന്ത്ര്യത്തെ അംഗീകരിച്ചിരിക്കുന്നു. കാരണം വേദാന്തത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

താൻ തന്നെ തന്നെ വിഭജിച്ച് പലവിധത്തിലുള്ള ഭാവങ്ങളെ സ്വീകരിച്ച് സർവ്വേശ്വരനും സർവ്വമയനുമായത് സ്വപ്നത്തിൽ ഭോക്താവായിത്തീരുന്നു.

പ്രകാശത്തിന്റെ മഹിമ തന്നെയാണ് ഈ സ്വപ്നസൃഷ്ടിക്ക കാരണം. അതിനാൽ സ്വപ്നം ബ്രഹ്മത്തിന്റെ തേജോവസ്ഥയാകുന്നു. അതുപോലെ പ്രാജ്ഞം സുപ്താവസ്ഥയാകുന്നു. എല്ലാ പ്രമാതാക്കളുടെയും സുപ്താവസ്ഥ അഥവാ സുഷുപ്ത്യവസ്ഥ തന്നെയാണ് ബ്രഹ്മത്തിന്റെ പ്രാജ്ഞാവസ്ഥ. കാരണം ഗ്രാഹ്യവും (object) ഗ്രാഹകവും (Subject) ആയ പ്രപഞ്ചം ഈ അവസ്ഥയിൽ വിലീനമായിപ്പോകുന്നതു കൊണ്ട് എല്ലാ പ്രമാതാക്കളും സുഷുപ്തവും മഹാശൂന്യസ്വരൂപവുമായിത്തീരുകയും അതിൽ ഗ്രാഹ്യാദികൾ വിലയം പ്രാപിക്കുന്നതു കൊണ്ട് അവരുടെ സംസ്കാരം മാത്രം ശേഷിക്കുന്നു. സുഷുപ്തിയിൽ വിശ്വ

ത്തിന്റെ ബീജഭൂതമായ ബ്രഹ്മത്തിന്റെ പ്രജ്ഞ മാത്രം അവശേഷിക്കുന്നു എന്നു വച്ചാൽ ബ്രഹ്മം മാത്രം അറിയുന്നവനെന്ന രൂപത്തിൽ പ്രത്യേകം ശേഷിക്കുന്നു. ഈ സുഷുപ്ത്യവസ്ഥ എല്ലാ പ്രമാതാക്കളെയും സംബന്ധിച്ചിടത്തോളം നീലസുഖാദികളെപ്പോലെ വിചിത്രമായ വിശ്വത്തിന്റെ സംസ്കാരഭൂമിയാകുന്നു. കാരണം ഇതിൽ നിന്നുമുണർന്നാൽ പ്രമാതാവ് മുമ്പ് അനുഭവമുള്ളവനെപ്പോലെത്തന്നെ വ്യവഹരിക്കുന്നു. ഈ അവസ്ഥയിൽ സ്ഥിരപ്രജ്ഞാതന്റെ സ്വഭാവത്തോടു കൂടിയ ബ്രഹ്മം എല്ലാത്തിനെയും തനിക്കകത്താക്കി പ്രകാശിക്കുന്നവനല്ലായിരുന്നുവെങ്കിൽ സുപ്താവസ്ഥയിൽ നിന്നും ഉണരുന്ന പ്രമാതാവിന് ആദ്യം അനുഭവിക്കപ്പെട്ട വസ്തുവിനെ സംബന്ധിച്ച് ഇതതുപോലെത്തന്നെയാകുന്നുവെന്ന മുമ്പുണ്ടായ അനുഭവം എങ്ങനെ ഉണ്ടാവാനാണ്? അതുപോലെ ഞാൻ സുഖമായുറങ്ങിയെന്നോ, ഞാൻ സുഖമില്ലാതുറങ്ങിയെന്നോ ഞാൻ ആഴത്തിലുള്ള മോഹത്തിൽ മുങ്ങിയിരിക്കുകയായിരുന്നുവെന്നോ ഉള്ള അനുഭവങ്ങളും ഉണ്ടാകുമായിരുന്നില്ല. ഭട്ടദിവാകരവത്സൻ പറഞ്ഞതുപോലെ,

അനുഭവിക്കപ്പെടുന്ന എല്ലാ വിഷയങ്ങളും ആത്മതത്ത്വവുമായി ഏകീകരിച്ചുകൊണ്ട് ഉള്ളിൽ സുരക്ഷിതമായിരുന്നില്ലായിരുന്നെങ്കിൽ അറിയപ്പെട്ട വസ്തുവിനെ കുറിക്കുന്നതായുള്ള ഒരോർമ്മയും ഉണ്ടാകില്ലായിരുന്നു.

അതിനാൽ സുഷുപ്താവസ്ഥ ചിന്മയമായിരിക്കുമ്പോഴും ബ്രഹ്മത്തിന്റെ പ്രാജ്ഞാവസ്ഥയായി കണക്കാക്കപ്പെടുന്നു. കാരണം ഈ അവസ്ഥ ജ്ഞാനം ഘനീഭവിച്ചതാകുന്നു. സുഷുപ്താവസ്ഥക്കും തുരീയാവസ്ഥക്കും ഈ ജ്ഞാനഘനത്ത്വം സാധാരണഹേതുവാകുന്നു. സുഷുപ്തദശ ജ്ഞാനഘനം എന്നുവച്ചാൽ പ്രകാശമൂർത്തിയാകുന്നു. അത് വിശ്വപ്രളയത്തിന്റെ സംസ്കാരത്താൽ മലിനമാകുന്നു. അതിനാൽ ശുദ്ധചിന്മയമായിത്തീരുന്നില്ല. സ്പന്ദശാസ്ത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ജ്ഞാനജ്ഞേയസ്വരൂപിണിയായ പരമശക്തിയോടുകൂടിയ വിഭു ജാഗ്രത്, സ്വപ്നം എന്നീ രണ്ടവസ്ഥകളിൽ പ്രകാശിക്കുന്നു. മറ്റുള്ള അവസ്ഥകളിൽ അത് ചിന്മയമായിരിക്കുന്നു. (സ്പന്ദകാരിക-1-18).

ഇതിൽ നിന്നും പരമായതാണ് തുരീയം. സുഷുപ്തിയിൽ നിന്നും പരമായതും മറ്റുള്ള എല്ലാ പാശങ്ങളിൽ നിന്നുമുണ്ടാകുന്ന വാസനകളും ക്ഷയിച്ചതിനാൽ ശുദ്ധമായതും പൂർണ്ണാനന്ദമായതും ബ്രഹ്മത്തിന്റെ തുരീയമായതുമായ രൂപമാണിത്. ഈ സംജ്ഞാ (തുരീയമെന്നാൽ നാലാമത്തേതെന്നർത്ഥം) സാർത്ഥകമാകുന്നു, കാരണം മുമ്പു വിവരിച്ച മൂന്നവസ്ഥകളും വിശ്രാന്തി പൂകുന്നത് ഇതിലാണ്. മാത്രമല്ല എല്ലാത്തിനും ഉള്ളിലുള്ളതായതു കൊണ്ട് ഈ മൂന്നിലും ഇത് വ്യാപ്തമാണ്. നാല് എന്ന സംഖ്യയെ പൂരിപ്പിക്കുന്നതു കൊണ്ട് ഇത് തുര്യം (നാലാമത്തേത്) ആണ്. അതിനാൽ ക്രമസൂചകമാകുന്ന പ്രത്യയ

ത്താൽ ഇവിടെ സംഖ്യയെ സൂചിപ്പിച്ചിരിക്കുന്നു. മൂന്നവസ്ഥകളിലും വ്യാപിച്ചു കിടക്കുന്നതായിട്ടും അത് അതിൽ നിന്നും പരമായിരിക്കുന്നതെങ്ങനെ? അതിനു കാരണം അത് ജ്ഞാനഘനമായതു കൊണ്ട്. ജാഗ്രദാദി എല്ലാ അവസ്ഥകളും ഭേദപ്രധാനമാകുന്നതു കൊണ്ട് പ്രമാതാക്കളെ സംബന്ധിച്ചിടത്തോളം അജ്ഞാനമയിയാണ്. എന്നാൽ തുരീയാവസ്ഥയിൽ ഗ്രാഹ്യഗ്രാഹകഭേദത്തിന്റെ വൈഷമ്യം, പ്രളയം എന്നിവയുടെ സംസ്കാരം നഷ്ടമാകുന്നതു കൊണ്ട് ജ്ഞാനഘനവും, പ്രകാശം ആനന്ദം എന്നിവയുടെ മൂർത്തിമദ്ഭാവവുമാകുന്നു. അതിനാൽ ഈ മൂന്നവസ്ഥകളിലും അന്തർഭവിച്ചിട്ടും ചിന്മയമായതു കാരണം പരമാണ് അഥവാ ഭിന്നമാണ്. ഇപ്രകാരം ഭിന്നാവസ്ഥകളോടു കൂടിയതും പരമാദ്വയസ്വഭാവത്തോടു കൂടിയതുമായ സ്വതന്ത്രബ്രഹ്മം തന്നെ പൂർണ്ണമായിരുന്നു കൊണ്ട് പ്രകടമാകുന്നു.

(തുടരും)

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (10)

ഡോ. മുരളീകൃഷ്ണൻ എം.വി.

(കഴിഞ്ഞ ലക്കം തുടർച്ച)

**സ്തുതി – 4**

*കേശാശ്രിതാ നയനവഹ്നിശിഖാഭ്രസിന്ധു-*
*ധ്വാങ്കാരഗർഭവപുഷോ ജലദാ വഹന്തി*
*യത്രാദ്ഭുതം സ്ഥിരതഡിദ്രസിതപ്രസങ്ഗം*
*തന്മങ്ഗളം ദിശതു ഹാരിഹരം വപുർവഃ*

**അർത്ഥം** - ഏതൊരു സ്വരൂപമാണോ ഹരിരൂപമായ അർധഭാഗത്തിലെ മേഘത്താലും, ഹരരൂപമായ അർധഭാഗത്തിലെ മൂന്നാം കണ്ണിലെ അഗ്നിയാലും, അതുപോലെ മസ്തകത്തിൽ സ്ഥിതിചെയ്യുന്ന ഗംഗയുടെ കളകളാരവത്താലും ഇവ സമ്മേളിച്ചുണ്ടാകുന്ന ഇടിമിന്നലിനേയും ആശ്ചര്യജനകമായ ശബ്ദത്തേയും ധരിച്ചിരിക്കുന്നത്, ആ സദാശിവന്റെ ഹരിഹരസ്വരൂപം നിങ്ങൾക്ക് മംഗളത്തെ നൽകട്ടെ.

## സ്തുതി– 5

*ഹീനാർധനാഭിനളിനാലയസങ്കടത്വ-*
*സാതങ്കസങ്കുചിതവൃത്തികദർഥിതാങ്ഗഃ*
*അർധീചികീർഷതി തനും ദ്രുഹിണോപി യത്ര*
*തന്മങ്ഗളം ദിശതു ഹാരിഹരം വപുർവഃ*

**അർത്ഥം** - ഹരിഹരരൂപത്തിൽ വിഷ്ണുരൂപമായ അർധഭാഗത്തിലെ അർധനാഭിയിൽ ആധാരഭൂതമായ താമരയിൽ സ്ഥിതിചെയ്യുന്ന ബ്രഹ്മാവിന്, താമരയുടെ ചുരുങ്ങലിനാൽ സ്വന്തം ഇരിപ്പിടവും സങ്കോചിച്ചിരിക്കുന്നതിനാൽ തന്റെ സുഖസ്ഥിതിക്ക് തന്റെ എല്ലാ അംഗങ്ങളേയും പീഡിപ്പിക്കുക വഴി ദുഃഖിതനായിരിക്കുന്നു.അതുകൊണ്ട് തന്നെ തന്റെ ശരീരവും പകുതി ആക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു. അങ്ങനെയുള്ള ഹരിഹരരൂപമായ ആ ദിവ്യശരീരം നിങ്ങൾക്ക് പരമമായ മംഗളത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 6

*ദൃഗ്വർത്തിനൗ രവിതമീരമണാവഖണ്ഡ-*
*മൂർത്തീ നിജം ച വപുരർധമവേത്യ വഹ്നിഃ*
*യത്രാധികം ജ്വലതി ലാഘവമാഗതോപി*
*തന്മംഗളം ദിശതു ഹാരിഹരം വപുർവഃ*

**അർത്ഥം** - ഭഗവാൻ സദാശിവന്റെ നെറ്റിയുടെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന മൂന്നാം കണ്ണിലാണ് അഗ്നിയുടെ നിവാസസ്ഥാനം. എന്നാൽ ഹരിഹരസ്വരൂപത്തിൽ ശരീരത്തിന്റെ അർധഭാഗം വിഷ്ണുരൂപമായതിനാൽ മൂന്നാം കണ്ണും പകുതിയായി വർത്തിക്കുന്നു. അതുകൊണ്ടുതന്നെ മൂന്നാം കണ്ണിൽ നിവസിക്കുന്ന അഗ്നിയുടെ ശരീരവും പകുതിയായിരിക്കുന്നു. അങ്ങനെയുള്ള അഗ്നി തന്റെ ഒപ്പമുള്ള സൂര്യനേയും ചന്ദ്രനേയും പ്രഭുവിന്റെ (ശിവന്റെ) വലത്തും ഇടത്തും കണ്ണുകളിൽ പൂർണശരീരത്തിൽ കാണുകവഴി ഉണ്ടായ അസൂയയാൽ ഉടലെടുത്ത ക്രോധത്താൽ അധികമായി ജ്വലിച്ചിരിക്കുന്നു. ആ ശിവന്റെ ഹരിഹരസ്വരൂപം നിങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 7

*യസ്മിൻ ഗുണീ സഹൃദയഃ സഫലഃ സമൂലഃ*
*സ്വാതന്ത്ര്യധാമനി കരാത് പതിതഃ സ പദ്മഃ*
*കമ്ബുഃ സ്ഥിതസ്തു ധൃതതദ്വിപരീതരീതി-*
*സ്തന്മംഗളം ദിശതു ഹാരിഹരം വപുർവഃ*

**അർത്ഥം** - ഏത് സ്വതന്ത്ര ശക്തിശാലിയായ ശരീരത്തിലാണോ ശിവ രൂപമായ അർധഭാഗത്തിൽ സൂക്ഷ്മമായ ഗുണത്തോടു (തന്തുക്കളോടു) കൂടിയതും സഹൃദയത്തോടു (കർണികാ) കൂടിയതും ഫലത്തോടു കൂടിയതും സമൂലത്തോടു കൂടിയതുമായ താമരയെ കൈയിൽ ധരിക്കാത്തത്, അതുപോലെ വിഷ്ണുരൂപമായ അർധഭാഗത്തിൽ മുന്നേ പറഞ്ഞ ലക്ഷണ ങ്ങൾക്ക് വിപരീതമായി നിർഗുണത്തോടും അഹൃദയത്തോടും ഫലമില്ലാത്ത തും മൂലരഹിതവുമായ ശംഖ് (പാഞ്ചജന്യം) കൈയിൽ ധരിച്ചിരിക്കുന്നത്, ആ സദാശിവന്റെ മനോഹരമായ ഹരിഹരസ്വരൂപം നിങ്ങൾക്ക് മംഗളത്തെ നൽകട്ടെ.

അതായത് ഗുണവാനും സഹൃദയനും (ദയാലു) മൂലകാരണത്തോടു കൂടി യവനും ആയ വ്യക്തിക്കും, അതുപോലെ നിർഗുണനും അഹൃദയനും (ക്രൂരനും) നിഷ്ഫലനും നിർമൂലനുമായ വ്യക്തിക്കും ശരണാഗതി നൽകുന്ന ത് പ്രഭുവിന്റെ സ്വാതന്ത്ര്യമാണ്. ശിവൻ എന്താണോ ആഗ്രഹിക്കുന്നത് അതാണ് ചെയ്യുന്നത്.അതുകൊണ്ടാണ് ഗന്ധർവരാജൻ ശ്രീ പുഷ്പദന്തൻ പറയുന്നു, ഈശ്വരന്റെ ഇച്ഛാ ഒന്നിനും അധീനമായിട്ടില്ല.

## സ്തുതി – 8

*പാദാഗ്രനിർഗതമവാരിതമേവ വാരി*
*യത്രാധിരോഹതി ശിരസ്ത്രിദശാപഗായാഃ*
*അത്യദ്ഭുതം ച രുചിരം നിരങ്കുശഞ്ച*
*തന്മംഗളം ദിശതു ഹാരിഹരം വപുർവഃ*

**അർത്ഥം** - ഏതൊരാളുടെയാണോ ശരീരത്തിന്റെ ഒരു ഭാഗമായ ഹരി രൂപത്തിലുള്ള അർധഭാഗത്തിന്റെ കാൽ വിരലുകളിൽ നിന്നു ഒഴുകുന്ന ഗംഗയുടെ അദ്ഭുതവും മനോഹരവും സ്വതന്ത്രവുമായ ജലപ്രവാഹം തടസ്സ ങ്ങളൊന്നും കൂടാതെ മറുഭാഗമായ ശിവരൂപമായ അർധഭാഗത്തിന്റെ ശിര സ്സിൽ ആരൂഢമായിരിക്കുന്നത്, ആ അത്യന്തം അദ്ഭുതവും ചന്ദ്രകിരണ ങ്ങൾക്ക് സമാനമായി നിർമലമായതും സ്വതന്ത്രശക്തിശാലിയുമായ ഹരിഹരസ്വരൂപം നിങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

ഇതി കാശ്മീരമഹാകവി ശ്രീദഗദ്ധരവിരചിതേ ഭഗവതോ മഹേശ്വരസ്യ സ്തുതികുസുമാഞ്ജലൗ മംഗളാഷ്ടകം നാമ ചതുർത്ഥം സ്തോത്രം.

കാശ്മീരമഹാകവി ശ്രീജഗദ്ധരഭട്ടൻ രചിച്ച ഭഗവാൻ മഹേശ്വരന്റെ സ്തു തികുസുമാഞ്ജലിയിലെ മംഗളാഷ്ടകം എന്ന് പേരായ മൂന്നാമത്തെ സ്തോത്രം.

# പഞ്ചമസ്തോത്രം

(അഞ്ചാം സ്തോത്രം)

കവി-കാവ്യ പ്രശംസാ

## സ്തോത്രം – 1

*ആപന്നതാപഹരണപ്രവണാ ഘൃണേവ*
*ത്വങ്ഗത്തരങ്ഗസുഭഗാ ഗഗനാപഗേവ*
*പീയൂഷസാരശിശിരാ ശശഭൃത്കലേവ*
*വാണീ ശിവൈകശരണാ ജയതീശ്വരീവ*

**അർത്ഥം** - ശിവനോട്ടു മാത്രമായിട്ടുള്ള ശരണം കരുണക്കു സമാനമായി ശരണാഗതർക്ക് അവരുടെ എല്ലാവിധത്തിലുള്ള ദുഃഖങ്ങളേയും ശമിപ്പിക്കുന്നതിന് തത്പരനാണ്, അതുപോലെ ശിവനോടുള്ള ശരണം മന്ദാകിനിക്കു സമാനമായി ദിവ്യങ്ങളായ തരംഗങ്ങ്ഗങ്ങളാൽ മനോഹരവും, ശിവനോടുള്ള ശരണം ചന്ദ്രക്കലക്കു സമാനമായി അമൃതിനെപ്പോലെ ശീതളവും, ശിവനോടുള്ള ശരണം പാർവ്വതീദേവിക്കു സമാനവും, സത്കവികളുടെ ശിവനോടുള്ള ശരണമായ വാക്കുകൾ സർവ്വോത്കൃഷ്ടവും വന്ദനീയവുമാണ്.

## സ്തുതി – 2

*യോ മൂർധനി സ്രജമിവോദ്വഹതേ ധരിത്രീ-*
*മുഷ്ണീഷതാം ശ്രയതി യസ്യ സ ഭോഗിരാജഃ*
*യസ്യാമസൗ വസതി വാക്പതിരുക്തിദേവീം*
*താം യേ വഹന്തി ഹൃദി തേ കവയോ ജയന്തി*

**അർത്ഥം** - ഏതൊരു ശേഷനാഗമാണോ ഈ പൃഥിയെ സ്വന്തം ശിരസ്സിൽ പുഷ്പമാലക്കു സമാനമായി ധരിച്ചിരിക്കുന്നത്, ആ ശേഷനാഗം ആരുടെ ശിരസ്സിലാണോ ചുറ്റിയിരിക്കുന്നത്, ആ സമസ്ത വാക്കുകളുടേയും പതിയായ പരമേശ്വരനായ ശ്രീസദാശിവൻ ഏത് സ്വകീയമായ ശക്തിസ്വരൂപമായ വാണിയിലാണോ (സരസ്വതി) നിവസിക്കുന്നത്, അങ്ങനെയുള്ള സർവ്വോത്കൃഷ്ടമായ ആ വാണിയെ ഏതൊരാളാണോ സ്വന്തം ഹൃദയത്തിൽ ധരിച്ചിരിക്കുന്നത്, ആ സുന്ദരമായ രചനകളെ നിർവഹിക്കുന്ന സത്കവികൾ സർവ്വോത്കൃഷ്ടരും സർവ്വവന്ദ്യരുമാണ്.

## സ്തുതി – 3

*ധന്യാഃ ശുചിനീ സുരഭിണീ ഗുണോംഭിതാനി*

*വാഗ്വീരുധഃ സ്വവദനോപവനോദ്ഗതായാഃ*
*ഉച്ചിത്യ സൂക്തികുസുമാനി സതാം വിവിക്ത-*
*വർണാനി കർണപുലിനേഷ്വവതംസയന്തി*

**അർത്ഥം** - എപ്രകാരമാണോ ഏതോ ഒരു പൂങ്കാവനത്തിൽ ഉണ്ടായ ഇലകളോടും തന്തുക്കളോടും കൂടിയ പവിത്രവും സുഗന്ധമുള്ളതും വിരിഞ്ഞതുമായ വിവിധ വർണ്ണങ്ങളോടുകൂടിയ പുഷ്പങ്ങളെക്കൊണ്ട് സത്പുരുഷരുടെ കർണതടങ്ങളെ അലങ്കരിക്കുന്നത്, ആ സത്പുരുഷന്മാർ ധന്യവാന്മാരാണ്. അപ്രകാരം കവികളും ധന്യവാന്മാരാണ്, എന്തെന്നാൽ ആ കവികളുടെ മുഖരൂപിയായ ഉദ്യാനത്തിൽ നിന്നും വാണീരൂപിയായ ലതകളോടുകൂടിയ അർത്ഥദോഷരഹിതമായതും, ശിവഭക്തിരൂപമായ അമൃതരസത്തിന്റെ ആമോദത്താൽ സുഗന്ധിതവും, അപ്രകാരം ഓജസ്സ്, പ്രസാദം, മാധുര്യം എന്നീ മൂന്ന് ഗുണങ്ങളോടു കൂടിയതും വിശുദ്ധങ്ങളുമായ വർണങ്ങളോടു (അക്ഷരങ്ങൾ) കൂടിയതുമായ സൂക്തികളാകുന്ന പുഷ്പങ്ങൾ ഉത്പന്നമാകുന്നു. കവികൾ ആ സൂക്തികളാകുന്ന പുഷ്പങ്ങളെ പറിച്ചെടുത്ത് സഹൃദയരുടെ കർണതടങ്ങളെ അലങ്കരിക്കുന്നു.

## സ്തുതി – 4

*ശ്രോത്രാണ്യനർഗളഗളന്മധുബിന്ദുഗർഭ-*
*സന്ദർഭസുന്ദരപദോപചിതൈർവചോഭിഃ*
*ധന്യാഃ സതാം സുകവയഃ സുഖയന്തി തേപി*
*തേഷാമകൃത്രിമചമത്കൃതിസാധുവാദൈഃ*

**അർത്ഥം** - ഭാഗ്യവാന്മാരായ കവികളിൽ നിന്ന് അനർഗളമായി ഒഴുകിയെത്തിയ മധുബിന്ദുക്കളേപ്പോലെയുള്ള ഗ്രന്ഥങ്ങളിൽ അതിസുന്ദരമായ നിർദോഷങ്ങളായ പദങ്ങളെ രചിച്ച്, അവ മനോഹരങ്ങളായ വചനങ്ങളാൽ സഹൃദയരായ രസികരുടെ കർണ്ണങ്ങളെ സുഖിപ്പിക്കുന്നു. അതുപോലെ തിരിച്ചും സഹൃദയർ സ്വാഭാവികമായ സന്തോഷത്തോടു കൂടിയ പ്രശംസാവചനങ്ങളാൽ കവികൾക്ക് നന്ദി പറഞ്ഞ് ആ കവികളുടെ കർണ്ണങ്ങളെ സുഖിപ്പിക്കുന്നു.

## സ്തുതി – 5

*തേ കേചിദസ്ഖലിതബന്ധനവപ്രബന്ധ-*
*സന്ധാനബന്ധുരഗിരഃ കവയോ ജയന്തി*
*യേഷാമചർവിതരസാപി ചമത്കരോതി*
*കർണേ കൃതൈവ ഭണിതിർമധുരാ സുധേവ*

**അർത്ഥം** - രചനകളിലെ പൂർണങ്ങളായ അപൂർവങ്ങളായ സാഹിത്യങ്ങളുടെ രചനയിൽ ആരുടെ വാക്കുകളാണോ നിപുണമായിട്ടുള്ളത്, അങ്ങനെയുള്ള ആ സർവ്വോത്കൃഷ്ടരായ കവികളുടെ അതിമധുരമായ രചനകളെ സമ്യക്കാകുംവണ്ണം കേൾക്കുമ്പോൾ തന്നെ അമൃതിനു സമാനമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നു. ഏതൊന്നാണോ അമൃതിന്റെ ജിഹ്വാഗ്രത്തിൽ വസിക്കുന്ന അപൂർവമായ ആനന്ദത്തെ നൽകുന്നത്, ആ മഹാകവികളുടെ വചനങ്ങൾ ശ്രവണമാത്രയിൽ തന്നെ ഭാവുകർക്ക് വിസ്മയത്തെ നൽകുന്നു.

## സ്തുതി – 6

*തേനന്തവാങ്മയമഹാർണവദൃഷ്ടപാരാഃ*
*സാംയാത്രികാ ഇവ മഹാകവയോ ജയന്തി*
*യത്സൂക്തിപേലവലവങ്ഗലവൈരവൈമി*
*സന്തഃ സദസ്സു വദനാന്യധിവാസയന്തി*

**അർത്ഥം** - അപാരമായ വാക്ചാതുര്യമുള്ള വിദ്യയാകുന്ന മഹാസമുദ്രത്തിൽ മുങ്ങിത്തുടിക്കുന്ന മഹാകവികൾ ചരക്ക് വ്യാപാരികളെപ്പോലെ ധന്യരാണ്, എന്തെന്നാൽ ചരക്ക് വ്യാപാരികൾ സമുദ്രത്തിൽ അവർ നിഷ്ണാതരാണ്.അതുപോലെ മഹാകവികൾ സമസ്ത വാങ്മയരൂപമാകുന്ന (വാക്കുകളാകുന്ന അറിവ്) അനന്തമായ മഹാസമുദ്രത്തിൽ നിഷ്ണാതരായതിനാൽ അവർ അതീവ ധന്യരാണ്. അങ്ങനെയുള്ള കവികളുടെ സൂക്തികളാകുന്ന ഇലവംഗങ്ങളെ ചവച്ച് സഹൃദയർ സഭകളിൽ സ്വന്തം മുഖം സുഗന്ധപൂരിതമാക്കുന്നു.

## സ്തുതി – 7

*ജിഹ്വാഗ്രരങ്ഗഭുവി സത്കവിതുർവിലാസ-*
*ലാസ്യോത്സവവ്യസനിനീ സ്വയമുക്തിദേവീ*
*ഭ്രൂകാണ്ഡകുണ്ഡലകിരീടശിരോധരാണാം*
*നൃത്തോപദേശഗുരുതാം കൃതിനാമുപൈതി*

**അർത്ഥം** - ഭാഗ്യശാലികളായ മഹാകവികളുടെ ജിഹ്വാഗ്രരൂപത്തിലുള്ള രംഗഭൂമിയിൽ പ്രൗഢമായ ഉക്തികളുടെ (സൂക്തി) വിലാസരൂപത്തിലുള്ള ക്രീഡയാകുന്ന മഹോത്സവം കണ്ട് പൂർണമായ അനുരാഗത്തിൽ അകപ്പെട്ട വാഗ്ദേവിയായ സരസ്വതി സ്വയം സഹൃദയരുടെ പുരികങ്ങൾ, കുണ്ഡലങ്ങൾ, കിരീടം, ശിരസ്സ് എന്നിവയ്ക്ക് നൃത്തം ചെയ്യാനുള്ള ഉപദേശം കൊടുക്കുക വഴി ഗുരുത്വത്തെ പ്രാപ്തമാക്കിയിരിക്കുന്നു.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

അല്പാഹംബോധത്തിന്റെവികാസത്തിലൂടെപൂർണ്ണാഹംബോധത്തിലേക്കുള്ള വികാസമാണ് തന്ത്രശാസ്ത്രത്തിന്റെ ഉദ്ദേശമെന്നു കണ്ടു. ഈ വികാസത്തിലൂടെത്തന്നെ ഭയത്തിൽ നിന്നും ജനങ്ങളെ ത്രാണനം ചെയ്യുകയാണ് അഥവാ രക്ഷിക്കുകയാണ് ഈ ശാസ്ത്രം ചെയ്യുന്ന വേറൊരു പ്രവൃത്തി. സങ്കോചമെന്നത് ഭയത്തിന്റെ അനന്തരഫലമാകുന്നു. ഞാനെന്ന അല്പബോധത്തിൽ നിലനില്ക്കുമ്പോൾ നാം സങ്കോചിക്കപ്പെട്ടവരാണ്. കൊച്ചുകുഞ്ഞുങ്ങൾ, വീട്ടിൽ വളർത്തുന്ന മൃഗങ്ങൾ എന്നു വേണ്ട നാമോരോരുത്തരും തന്നെ ഭയം വരുമ്പോൾ ശാരീരികമായി ഒരിടത്തേക്ക് സങ്കോചിക്കാറുണ്ടെന്ന് നമ്മെത്തന്നെ നിരീക്ഷിച്ചാൽ എളുപ്പം മനസ്സിലാക്കാൻ കഴിയുന്നതാണ്. അങ്ങനെ വരുമ്പോൾ വികസിക്കുന്നതിലൂടെ ഭയം ഇല്ലാതാകുമെന്ന് യുക്തികൊണ്ട് മനസ്സിലാക്കാൻ സാധിക്കും.

ഞാനെന്ന അല്പാഹംബോധത്തിന്റെ വികസിതമായ രൂപമാണ് വിഷ്ണു. അതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ വിഷ്ണുസഹസ്രനാമത്തിലെ ആദ്യത്തെ രണ്ടു നാമങ്ങളുടെ വിശകലനത്തിലൂടെ സാധിക്കും. വിശ്വം, വിഷ്ണു എന്നീ രണ്ടു നാമങ്ങൾ വികസിതമായ ഈ ബോധതലത്തിനെക്കുറിക്കുന്നു.

**വിശ്വം** - ഗോചരവും അഗോചരവുമായ ഈ വിശ്വം തന്നെയാണ് ആ പരമമായത്. വിശ്വമെന്നാൽ ഈ ലോകമെന്നർത്ഥം. പഞ്ചേന്ദ്രിയങ്ങളിലൂടെ നാമനുഭവിക്കുന്ന ഈ ലോകം വിഷ്ണു തന്നെയാണ്. നമുക്കുചുറ്റും കാണുന്ന സർവ്വചരാചരങ്ങളും അവയെ കാണുന്ന ഞാനും വിഷ്ണുവിന്റെ സ്വരൂപമാണ്. പൂർണ്ണാഹംബോധമെന്നത് ഇക്കാണുന്നതും കാണാത്തതുമായിരിക്കുന്ന ലോകം തന്നെയാകുന്നു.

**വിഷ്ണു** - "ചരാചരേഷു ഭൂതേഷു വേശനാത് വിഷ്ണുരുച്യതേ". ചരാചരങ്ങളായ എല്ലാ ഭൂതങ്ങളിലും പ്രവേശിച്ചിരിക്കുന്നു എന്നുള്ളതിനാൽ പരമമായ ആ ചൈതന്യത്തിന് വിഷ്ണുവെന്ന പേര്. നാമെല്ലാം കാണുന്ന ഈ ലോകത്തിലെ എല്ലാ വസ്തുക്കളുടെയും അകത്തും പുറത്തും നമ്മിലും പൂർണ്ണമായി വ്യാപിച്ചിരിക്കുന്ന ഈശ്വരചൈതന്യമാണിത്. യജുർവ്വേദാന്തർഗ്ഗതമായ നാരായണസൂക്തത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

യച്ച കിഞ്ച ജഗത്യസ്മിൻ ദൃശ്യതേ ശ്രൂയതേപി വാ അന്തർബ്ബഹിശ്ച തത്സർവ്വം വ്യാപ്യ നാരായണഃ സ്ഥിതഃ. (ഈ സമ്പൂർണ്ണജഗത്തിൽ യാതെല്ലാം കാണുകയോ കേൾക്കുകയോ ചെയ്യുന്നുവോ അതിന്റെയെല്ലാം അകത്തും പുറത്തും നാരായണൻ വ്യാപിച്ചു കിടക്കുന്നു).

ഇപ്രകാരമുള്ള വിരാഡ്രൂപനായ വിഷ്ണുവിനെ അറിയാനും പ്രാപിക്കാനും അനവധി മാർഗ്ഗങ്ങൾ വിവിധശാസ്ത്രങ്ങളിലായി വിവരിക്കപ്പെട്ടിട്ടുണ്ട്. താന്ത്രികമായ വൈഷ്ണവാരാധന അത്തരത്തിലൊന്നാണ്. നിരവധി ഗ്രന്ഥങ്ങളിലായി വളരെ വിസ്തൃതമായി ഇത് പടർന്നു കിടക്കുന്നു.

താന്ത്രികവൈഷ്ണവസാധനാസമ്പ്രദായങ്ങളെ പ്രധാനമായും രണ്ടായി തരം തിരിച്ചിരിക്കുന്നു. പാഞ്ചരാത്രം, വൈഖാനസം എന്നിവയാണവ. ഈ സമ്പ്രദായങ്ങളെ ഭാഗവതസമ്പ്രദായങ്ങളെന്നും പറയുന്നു.[1] ഭഗവാനെ സംബന്ധിച്ചത് എന്നാണ് ഭാഗവതമെന്ന പദത്തിന്റെ അർത്ഥം. ജ്ഞാനം, ഐശ്വര്യം, വീര്യം ബലം, ശക്തി, തേജസ്സ് എന്നീ ആറു ഗുണങ്ങളെ ആറു ഭഗങ്ങളെന്നു പറയുന്നു. അവയോടു കൂടിയ വിഷ്ണുവിനെയാണ് ഭഗവാനെന്ന് പാഞ്ചരാത്രികർ പറയുന്നത്.

താന്ത്രികഗ്രന്ഥങ്ങളെ പ്രധാനമായും നാലു പാദങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ജ്ഞാനപാദം
2. ക്രിയാപാദം
3. ചര്യാപാദം
4. യോഗപാദം

## ജ്ഞാനപാദം

ഏതൊരു ആഗമഗ്രന്ഥത്തിന്റെയും പ്രധാന ദേവതാസ്വരൂപത്തെക്കുറിച്ചുള്ള അറിവ് ആ ഗ്രന്ഥത്തിൽ പരാമർശിച്ചിരിക്കുന്ന സാധനാപഥത്തിന് ആവശ്യകമാണ്. ആ അറിവിനെ പ്രതിപാദിക്കുന്ന ആഗമഗ്രന്ഥത്തിലെ വിഭാഗത്തെയാണ് ജ്ഞാനപാദമെന്നു പറയുന്നത്. അതിൽ പ്രതിപാദിച്ചിട്ടുള്ള ദേവതയുടെ സ്വരൂപം, ദേവതയെ ഉപാസിക്കുന്ന ഞാനെന്ന ജീവന്റെ സ്വരൂപം, ജീവൻ തന്റെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ടനുഭവിക്കുന്ന പ്രപഞ്ചത്തിന്റെ സ്വരൂപം എന്നിവയെക്കുറിച്ചാണ് ഈ വിഭാഗത്തിൽ പ്രധാനമായും വിവരിക്കുന്നത്. എല്ലാ ആഗമഗ്രന്ഥങ്ങളിലും ഈ ജ്ഞാനപാദം വിസ്തരിച്ച് പറയപ്പെടുന്നില്ല. ചിലത് ക്രിയാപ്രധാനങ്ങളായവയുമാണ്.

---

[1] ഭാഗവതമെന്ന ഗ്രന്ഥം വൈഷ്ണവരുടെ ഇടയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഈ ഭാഗവതധർമ്മത്തെ പിൻതുടരുന്നവരെയും ഭാഗവതന്മാർ എന്നു വിളിക്കാറുണ്ട്.

### ക്രിയാപാദം

തന്ത്രഗ്രന്ഥങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണ് ക്രിയാപാദം. പ്രധാനമായും മന്ത്രോപാസനാ, പൂജാ, ക്ഷേത്രസംസ്കാരങ്ങൾ എന്നിവയെ സവിസ്തരം പ്രതിപാദിക്കുന്ന ഒന്നാണ് ക്രിയാപാദം. ക്ഷേത്രത്തിന്റെ ഭൂപരീക്ഷണം തുടങ്ങി വാസ്തു, ക്ഷേത്രപ്രതിഷ്ഠാ, നിത്യനിദാനം, നൈമിത്തികക്രിയകൾ കാമ്യക്രിയകൾ പ്രായശ്ചിത്തക്രിയകൾ എന്നിങ്ങനെ എല്ലാ വിഷയങ്ങളും സവിസ്തരം ഇതിൽ വിവരിച്ചിരിക്കുന്നു.

### ചര്യാപാദം

ഒരു സാധകൻ ചരിക്കേണ്ടതായ മാർഗ്ഗങ്ങളെക്കുരിച്ച് വിവരിക്കുന്ന പാദമാണിത്. സാധനാചര്യകളെക്കുറിച്ചും ഒരു വ്യക്തിയുടെ നിത്യനൈമിത്തിക കാമ്യകർമ്മങ്ങളെക്കുറിച്ചും ഈ പാദത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### യോഗപാദം

താന്ത്രികമായ യോഗസമ്പ്രദായങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ആഗമവിഭാഗമാണ് യോഗപാദം. ഓരോ ഗ്രന്ഥങ്ങളിലും യോഗസമ്പ്രദായങ്ങൾ വ്യത്യസ്തമാണ്.ക്രിയാപാദത്തിലും ക്ഷേത്രസംസ്കാരങ്ങളിലും മറ്റും യോഗസാധനകളുടെ ചില രീതികൾ നമുക്കു കാണാൻ കഴിയും. താന്ത്രികയോഗമെന്നത് മറ്റു യോഗസമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമായ ഒന്നാണ്.

(തുടരും)

## കുട്ടികളുടെ
# വാല്മീകിരാമായണം  31

ഉണ്ണികൃഷ്ണൻ കിഴുത്താനി — ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയ ശാംഭവി കൂട്ടുകാരേ,

നമസ്കാരം. നമ്മളിപ്പോൾ പതുക്കെപ്പതുക്കെ മഹാമാരിയായ കോവിഡിന്റെ കരാളകരങ്ങളിൽനിന്നും മോചിതരായിക്കൊണ്ടിരിയ്ക്കയാണല്ലോ.

പക്ഷേ, സുരക്ഷയെക്കരുതി ഒരാൾപോലും മുൻകരുതലുകൾ ഉപേക്ഷിയ്ക്കരുത് എന്ന കാര്യം വീണ്ടും വീണ്ടും ഓർമ്മിപ്പിയ്ക്കുന്നു. ശ്രീരാമന്റെ വനവാസക്കാലം കഴിച്ചുകൂട്ടിയത് മിക്കവാറും മഹർഷിപുംഗവന്മാരുടെ മഹത്തായ ആശ്രമങ്ങളിലായിരുന്നുവല്ലോ. കൂട്ടുകാരേ, നിർമ്മല മനസ്ക്കരായ ഋഷിമാരും പ്രകൃതിയുടെ പച്ചപതിപ്പും, പുതപ്പുമായ വനങ്ങളിലൂടെയുള്ള യാത്രകളും ജീവിതവും അവർക്ക് മൂവർക്കും പുതിയ പല അനുഭവങ്ങളും സമ്മാനിച്ചു. ആ അനുഭവങ്ങൾ അതിമനോഹരമായി മഹാമുനിയും മഹാകവിയുമായ വാല്മീകി നമുക്ക് പകർന്നുതരുന്നു. കാട്ടുരുവികളോടും പക്ഷിമൃഗാദികളോടും മനസ്സുതുറന്ന് സല്ലപിച്ച്, പ്രകൃതിയുടെ കരലാളനമേറ്റ അല്ലലെന്തെന്നറിയാതെ മൂവരും പൂർണ്ണമായി വനവാസികളായി മാറുകയായിരുന്നു. കാടിനെ അടുത്തറിയാനായി സഞ്ചരിയ്ക്കുമ്പോൾ പെട്ടെന്ന് ഉൾക്കാട്ടിൽനിന്ന് ദിവ്യവും മനോഹരവുമായ വാദ്യഘോഷങ്ങളുടെ ആരവമുയരുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടു. നടന്നടുക്കുമ്പോൾ അതീവ ശ്രദ്ധയോടെ രൂപകല്പന ചെയ്തു നിർമ്മിച്ച ഒരു തടാകവും അതിൽ നിറയെ താമര, ആമ്പൽ ആദിയായ ജലസസ്യങ്ങളും നീരാടുന്ന ഇണയരയന്നങ്ങളേയും കണ്ണിനും കാതിനും മനസ്സിനും എന്തെന്നില്ലാത്ത ആനന്ദം പകർന്നു നൽകി. പക്ഷേ, സംഗീതധോരണിയുടെ ഉത്ഭവമറിയാനാവർക്കു കഴിഞ്ഞില്ല. 'ധർമ്മഭൃത്'' എന്ന മുനി സംശയനിവർത്തി വരുത്തിയപ്പോൾ ശ്രീരാമ-സീതാ-ലക്ഷ്മണന്മാർക്ക് എന്തെന്നില്ലാത്ത അത്ഭുതമാണ് അനുഭവപ്പെട്ടത്.

'മാണ്ഡകർണ്ണി' മഹർഷി തപശ്ശക്തികൊണ്ട് നിർമ്മിച്ച അതിമനോഹരമായ ഈ തടാകത്തിലെദ്ദേഹം പതിനായിരം വർഷം വായുമാത്രം ഭക്ഷിച്ച് ഘോരതപസ്സനുഷ്ഠിച്ചു. പിന്നീട് യൗവ്വനം വീണ്ടെടുത്ത് തപസ്സു മുടക്കാനായെത്തിയ അപ്സരസ്സുകളുമായി ക്രീഡിച്ച് തടാകത്തിന്നടിയിലെ രമ്യഹർമ്മ്യത്തിൽ ആഘോഷത്തോടെ അനവധികാലം ആരുമറിയാതെ ജീവിച്ചു. മനസ്സിന്റെ വൈവിദ്ധ്യവും വൈചിത്ര്യവും തികഞ്ഞ കൃതകൃത്യതയോടെ മാനുഷികഭാവത്തോടെ വാല്മീകിമഹർഷി ചുരുൾനിവർത്തുന്നു. ദീർഘകാല തപസ്സിനുപോലും കഴിയാത്ത ആത്മദാഹമാണ് 'കാമ'മെന്ന് അതീവ ഇഴയടുപ്പത്തോടെ മഹർഷി വ്യക്തമാക്കുന്നു. ആശ്രമങ്ങളിൽ മാറിമാറി താമസിച്ച്, മനസ്സും വപുസ്സും സംശുദ്ധമാക്കിയ മൂവരും പത്തുവർഷം കഴിഞ്ഞുപോയതറിഞ്ഞില്ല. മഹർഷി ആശ്രമചൈതന്യം അടുത്തറിഞ്ഞ ശ്രീരാമ-സീതാ-ലക്ഷ്മണന്മാർ വീണ്ടുമൊരിക്കൽ 'സുദീക്ഷ്ണാശ്രമ'ത്തിൽ എത്തിച്ചേർന്നു. വീണ്ടും അവിടെയെത്തിയപ്പോൾ രാമന്റെ മനസ്സിൽ അഗസ്ത്യമുനിയെക്കുറിച്ചുള്ള പവിത്രമായ ഓർമ്മകൾ തിരിനീട്ടി. സുദീക്ഷ്ണ മഹർഷിയിൽനിന്ന് ആശ്രമത്തെക്കുറിച്ച് മനസ്സിലാക്കി, ഉടൻതന്നെ അദ്ദേഹത്തെ കാണാനായി പുറപ്പെട്ടു.

പുണ്യം പകർന്നുതരുന്ന ഭൂവിഭാഗങ്ങൾ ദർശിച്ചപ്പോൾത്തന്നെ എന്തെന്നില്ലാത്തൊരനുഭൂതി അവരെ ആവേശിച്ചു. ഔഷധവീര്യം നിറഞ്ഞുതുളുമ്പുന്ന 'തിപ്പലി'ക്കാടുകളെ തഴുകിവരുന്ന മന്ദമാരുതൻ വിശിഷ്ടാതിഥികൾക്ക് ആദ്യമായി

ആതിഥ്യം അരുളി. അപ്പോൾത്തന്നെ യാത്രാക്ഷീണം ഒട്ടുമാറിയാതെ നിറഞ്ഞ മനസ്സോടെ ഇവർ യാത്ര തുടർന്നു. മരണത്തെ അടുത്തു നിർത്തി അടിയറവ് പറയിച്ച, സദ്വൃത്തരെ സംരക്ഷിച്ച മഹാമുനിയുടെ നാമം സകലരും എക്കാലവും ഓർമ്മിയ്ക്കുമെന്ന് ശ്രീരാമചന്ദ്രൻ പറഞ്ഞു. രസായനചികിത്സകൊണ്ട് വാർദ്ധക്യത്തെ അകറ്റിനിർത്താമെന്നു കാണിച്ചുതന്നതും അഗസ്ത്യമുനിതന്നെയാണല്ലോ. ക്രൂരന്മാരും വഞ്ചകരുമായ വാതാപി, ഇല്വലൻ എന്ന രണ്ട് ഭീകരാസുരന്മാരുടെ വിഹാരരംഗമായിരുന്നു മുമ്പ് ഇവിടം.

ഇല്വലൻ ബ്രാഹ്മണവേഷം ധരിച്ച് സംസ്കൃതത്തിൽ സംസാരിച്ച്, വഴിയാത്രക്കാരായ സാത്വിക ബ്രാഹ്മണരെ ശ്രാദ്ധത്തിന് ക്ഷണിച്ചുകൊണ്ടുവരിക പതിവായിരുന്നു. ആടിന്റെ രൂപം ധരിച്ച സഹോദരനെ കൊന്ന് പാകംചെയ്ത് ശ്രാദ്ധവിധിപ്രകാരം ബ്രാഹ്മണർക്ക് ഭക്ഷണമൊരുക്കുന്ന കാര്യം മറ്റാർക്കുമറിയില്ലായിരുന്നു. അവർക്ക് ഭക്ഷണം നൽകിക്കഴിഞ്ഞാൽ ഇല്വലൻ ഉറക്കെ, വാതാപേ, പുറത്തുവാ എന്നു വിളിച്ചുപറയുമ്പോൾ ആടിന്റെ രൂപത്തിൽ ബ്രാഹ്മണരുടെ വയറുപിളർന്ന് വാതാപി പുറത്തുവരികയും ചെയ്യുമായിരുന്നു. ഇക്കാര്യമറിയാതെ നിരവധി ബ്രാഹ്മണർ ഇവരുടെ ചതിയിൽപെട്ട് യമലോകത്ത് എത്തിയ കാര്യം മനസ്സിലാക്കിയ അഗസ്ത്യമുനി ഇതവസാനിപ്പിയ്ക്കണമെന്ന് നിശ്ചയിച്ചു. അദ്ദേഹം ശ്രാദ്ധത്തിൽ സാധാരണ ബ്രാഹ്മണനെപ്പോലെ പങ്കുകൊണ്ടു. സദ്യാനന്തരം സഹോദരനോട് വയറുപിളർന്ന് പുറത്തുവരാനാവശ്യപ്പെട്ടപ്പോൾ താൻ ഭക്ഷിച്ച് ദഹിച്ചുപോയ ആൾ എങ്ങനെയാണ് പുറത്തുവരിക എന്ന മറുചോദ്യമാണ് അഗസ്ത്യമഹർഷിയിൽനിന്നുണ്ടായത്. അതീവ ക്രുദ്ധനായ രാക്ഷസൻ കൊല്ലാനായി മഹർഷിയെ സമീപിച്ചപ്പോൾ തീക്ഷ്ണമായ ഒറ്റ നോട്ടത്തിൽ ദഹിപ്പിച്ച് ഭസ്മമാക്കി. ബ്രാഹ്മണവംശത്തെ മുച്ചൂടും നശിപ്പിയ്ക്കാനായി ജൈത്രയാത്ര നടത്തിയ ദുഷ്ടശക്തിയെ നിസ്സാരമായി സംഹരിച്ച അഗസ്ത്യമുനിയുടെ മുന്നിൽ കാലം നമിയ്ക്കുമെന്ന് ശ്രീരാമൻ സീതയേയും ലക്ഷ്മണനേയും ബോദ്ധ്യപ്പെടുത്തി. മാത്രമല്ല, ഈ പുണ്യാത്മാവിന്റെ ആഗമനം ഈ പ്രദേശത്തിന്റെ പുതുപ്പിറവികൂടിയായിരുന്നു. സർവ്വചരാചാരങ്ങളും ഏകോദര സഹോദരങ്ങളെപ്പോലെ ശാന്തസ്വഭാവികളായി മാറി പ്രകൃതിയുടെ താളക്രമമനുസരിച്ച് ജീവിയ്ക്കാനാരംഭിച്ചതും വാല്മീകി മഹർഷി കൃതകൃത്യതയോടെ വിവരിച്ചുകാണിച്ചുതരുന്നതും നമുക്ക് മാർഗ്ഗദർശകമാകേണ്ടതാണ്.

പ്രിയ കൂട്ടുകാരേ,

നഷ്ടബോധത്തിന്റെ ഓർമ്മപുതുക്കി, മനുഷ്യരെല്ലാരുമൊന്നുപോലെ എന്ന മഹത്തായ ആശയത്തിന് ഉൾക്കാഴ്ചയേകി പൊന്നിൻചിങ്ങത്തിലെ തിരുവോണം ആഗതമാകുന്നു. ശാംഭവിയുടെ എല്ലാ പ്രിയ സോദരങ്ങൾക്കും നന്മനിറഞ്ഞ ഓണാശംസകൾ!

(തുടരും)

# പൂവാംകുറുന്തൽ

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

ഭാരതീയ പൈതൃകത്തിന്റെ പരഭാഗശോഭ പകർന്നുതരുന്ന ദശപുഷ്പങ്ങളിൽ പ്രധാനിയാണ് പൂവാംകുറുന്തൽ. ഒരു ചെടിയിൽത്തന്നെ വിവിധ തരത്തിലുള്ള ഇലകളുള്ള ഔഷധച്ചെടിയാണിത്. ഉപയോഗം അടിസ്ഥാനമാക്കി ആയുർവേദമിതിനെ ജ്വരഹരഔഷധമായി കണക്കാക്കിയിരിക്കുന്നു. ആസ്റ്ററോസി-കമ്പോസിറ്റ കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം വെർണോണിയ സിനെറിയ എന്നാണ്. സംസ്കൃതത്തിൽ സഹദേവി, ഉത്തമ കന്യാപത്രം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. ഔഷധാവശ്യങ്ങൾക്ക് സമൂലമായി ഉപയോഗിക്കുന്നു. ഔഷധഗുണങ്ങളിലേക്ക് കടന്നാൽ - ശരീരതാപം കുറയ്ക്കാനുള്ള അപാരശക്തി അടങ്ങിയിരിക്കുന്നു. മൂത്രനാളിയിലെ മാർഗ്ഗതടസ്സം നീക്കി മൂത്രപ്രവാഹം സുഗമമാക്കുന്നു. ശരീരഭാഗങ്ങളിൽ അനുഭവപ്പെടുന്ന നീർക്കെട്ട് ഇല്ലായ്മ ചെയ്യുന്നു. തേൾവിഷത്തിന് കൈകണ്ട ഔഷധമാണ്. പനി കുറയ്ക്കാനും രക്തശുദ്ധിയ്ക്കുമുള്ള കഴിവുമുണ്ട്. പൂവാംകുറുന്തൽ സമൂലമെടുത്ത് (എല്ലാ ഭാഗങ്ങളും) എട്ട് ഇരട്ടി വെള്ളത്തിൽ കഷായംവെച്ച് നാലിലൊന്നാക്കി വറ്റിച്ച് 30 മി.ലി. വീതം രാവിലെയും വൈകീട്ടും സേവിച്ചാൽ പനി കുറയും. മൂത്രതടസ്സത്തിനും വിഷത്തിനും ഇതേ കഷായം തന്നെ ഉപയോഗിച്ചാൽ വളരെ ഫലപ്രദമാണെന്ന് അനുഭവസ്ഥർ പറയുന്നു. ഈ പൂവാംകുറുന്തൽ കഷായം ക്വിനൈൻ എന്ന ഔഷധത്തോടൊപ്പം സേവിച്ചാൽ മലേറിയ രോഗവും മാറിക്കിട്ടും. പൂവാം കുറുന്തൽ, തുമ്പപ്പൂവ്, തുളസിയില, കുരുമുളക്, പാവട്ടത്തളിര് ഇവ സമമായെടുത്ത് നന്നായി അരച്ച് ഗുളികരൂപത്തിലാക്കി തണലത്തുവെച്ചുണക്കി ഉപയോഗിച്ചാൽ കുട്ടികൾക്കുണ്ടാകുന്ന എല്ലാതരം പനികൾക്കും ഉത്തമമായ ഔഷധമാണെന്ന് സഹസ്രയോഗത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. പൂവാംകുറുന്തലും ചന്ദനവും സമമായി എടുത്ത് പാലിൽ ചതച്ചിട്ട് ആ പാൽ അരിച്ചെടുത്ത് കണ്ണിൽ ഉറ്റിക്കുകയോ ഇല ചതച്ച് മുലപ്പാലിലോ പശുവിൻ പാലിലോ ചേർത്ത് ആ പാൽ വൃത്തിയായി അരിച്ചെടുത്ത് കണ്ണിൽ ധാരകോരുകയോ ചെയ്താൽ ചെങ്കണ്ണ് ഉൾപ്പെടെയുള്ള നേത്രരോഗങ്ങളും മാറിക്കിട്ടും. കാമില എന്ന അസുഖത്തിനും പൂവാംകുറുന്തൽ നല്ലൊരൗഷധമാണ്. മാനസിക ചികിത്സ ഔഷധങ്ങളോട് ചേർത്ത് ഇത് സാധാരണയായി ഉപയോഗിക്കാറുണ്ട്. തിക്തരസമാണ്. ത്രിദോഷങ്ങൾ

(വാതം, പിത്തം, കഫം) ഇല്ലായ്മ ചെയ്യും. സന്നിപാതജ്വരം അസുഖത്തിൽ ബോധമില്ലാത്ത അവസ്ഥ വരികയാണെങ്കിൽ പൂവാംകുറുന്തിലനീരിൽ പുളിയുറുമ്പിന്റെ മുട്ടചേർത്ത് അരച്ച്, നെറുകയിൽ ഇട്ടാൽ ഉടൻ ബോധം തെളീയുമെന്ന് 'നാട്ടറിവു'കളിൽ വ്യക്തമാക്കിയിരിയ്ക്കുന്നു. ഇത് സമൂലം കഷായംവെച്ച് കഴിച്ചാൽ മൂത്രത്തിൽ പഴപ്പ് മാറും. കൺപോള വീക്കത്തിന് ഇതിന്റെ പൂവ് പിഴിഞ്ഞെടുത്ത് വൃത്തിയായി അരിച്ചെടുത്ത് ഈരണ്ടു തുള്ളി വീതം ഇടയ്ക്കിടെ കണ്ണിൽ ഉറ്റിച്ചാൽ മതി. പൂവാംകുറുന്തില സമൂലം നന്നായി ചതച്ച് കിഴികെട്ടി ഒരു ലിറ്റർ വെള്ളത്തിൽ പകുതി പാൽ ചേർത്ത് കുറുക്കി പാലോളമാക്കി കുറച്ചു ദിവസം തുടർച്ചയായി കൊടുക്കുകയാണെങ്കിൽ കുട്ടികൾക്ക് ശരീരപുഷ്ടി ഉണ്ടാവുകയും രോഗപ്രതിരോധശക്തി വർദ്ധിയ്ക്കുകയും ചെയ്യും.

(തുടരും)

# സംസ്കൃതപഠനം (50)

ഡി. പ്രകാശ്

കഴിഞ്ഞലക്കം തുടർച്ച

***ജുഗോപാത്മാനമത്രസ്തഃ ഭേജേ ധർമമനാതുരഃ***
***അഗൃധ്നുരാദദേ സോർഥമസക്തഃ സുഖമന്വഭൂത്***

**പദങ്ങൾ** : ജുഗോപ ആത്മാനം അത്രസ്തഃ ഭേജേ ധർമം അനാതുരഃ അഗൃധ്നുഃ ആദദേ സഃ അർഥം അസക്തഃ സുഖം അന്വഭൂത്.

**വിഭക്ത്യാദികൾ :**

| | |
|---|---|
| ആത്മാന | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| അത്രസ്തഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ധർമം | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| അനാതുരഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| അഗൃധ്നുഃ | ഉകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| സഃ | തകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |

| | |
|---|---|
| അർഥം | അകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| അസക്തഃ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| സുഖം | അവ്യയം |

സമാസാദികാര്യങ്ങൾ :

| | |
|---|---|
| അത്രസ്തഃ | ന ത്രസ്തഃ |
| അനാതുരഃ | ന ആതുരഃ |
| അഗൃധ്നുഃ | ന ഗൃധ്നുഃ |
| അസക്തഃ | ന സക്തഃ |

**ധാത്വാദികൾ :**

ജുഗോപ = ഗുപ് "രക്ഷണേ"ധാതുഃ പരസ്മൈപദീ പ്രഥമപുരുഷഃ ഏകവചനം

ജുഗോപ ജുഗുപതുഃ ജുഗുപുഃ

ജുഗോപിഥ ജുഗുപഥുഃ ജുഗോപ

ജുഗോപ ജുഗുപിവ ജുഗുപിമ

ഭേജേ ഭജ "സോവായാം" ധാതുഃ ആത്മനേപദീ പ്രഥമപുരുഷഃ ഏകവചനം

ഭേജേ ഭേജാതേ ഭേജിരേ

ഭേജിഷേ ഭേജാഥേ ഭേജിധ്വേ

ഭേജേ ഭേജിവഹേ ഭേജിമഹേ

ആദദേ ഡുദാഞ് "ദാനേ" ധാതുഃ ആത്മനേപദീ പ്രഥമപുരുഷഃ ഏകവചനം

ആദദേ ആദദാതേ ആദദിരേ

ആദദിഷേ ആദദാഥേ ആദദിധ്വേ

ആദദേ ആദദിവഹേ ആദദിമഹേ

അന്വഭൂത് അനുപൂർവകഃ ഭൂ ധാതുഃ പരസ്മൈപദീ പ്രഥമപുരുഷഃ ഏകവചനം

അന്വഭൂത് അന്വഭൂതാം അന്വഭൂവൻ

അന്വഭൂഃ അന്വഭൂതം അന്വഭൂത

അന്വഭൂവം അന്വഭൂവ അന്വഭൂമ

### പദാർത്ഥങ്ങൾ :

| | |
|---|---|
| ആത്മാനം | ശരീരത്തെ |
| അത്രസ്തഃ | ഭയമില്ലാത്തവൻ |
| ധർമം | ധർമ്മത്തെ |
| അനാതുരഃ | രോഗമില്ലത്തവൻ |
| അഗൃധ്നുഃ | അത്യാർത്തിയില്ലാത്തവൻ |
| സഃ | അദ്ദേഹം |
| അർഥം | ധനം |
| അസക്തഃ | ആസക്തിയില്ലാത്തവൻ |
| സുഖം | സുഖം |

### അന്വയം/ഗദ്യക്രമം :

സഃ അത്രസ്തഃ ആത്മാനം ജുഗോപ, അനാതുരഃ ധർമം ഭേജേ , അഗൃധ്നുഃ അർഥം ആദദേ, അസക്തഃ (സൻ) സുഖം അന്വഭൃത്.

### അന്വയാർത്ഥം :

അദ്ദേഹം ഭയമില്ലാത്തവനായി ശരീരത്തെ രക്ഷിച്ചു. രോഗമില്ലാത്തവനായി ധർമ്മം അനുഷ്ഠിച്ചു. അത്യാർത്തിയില്ലാത്തവനായി ധനം നേടി. ആസക്തിയില്ലാത്തവനായി സുഖം അനുഭവിച്ചു.

### സാരം :

യാതൊരു വിധത്തിലുമുള്ള സുരക്ഷാസംവിധനവുമില്ലാതെ സ്വശരീരരക്ഷണം നടത്തി. നല്ല മനോബലത്തിലും ശൗര്യവീരപരാക്രമത്തിലും സ്വന്തം ശരീരം അദ്ദേഹം സംരക്ഷിച്ചു പോന്നു. ശരീരത്തിൻെറ സ്വാസ്ഥ്യം നിലനിർത്തിക്കൊണ്ട് തന്നെ ധർമ്മനിർവ്വഹണം നടത്തി പോന്നു. ഭരണകാര്യങ്ങളിൽ യാതൊരു കുറവോ അലസതയോ വരുത്തിയില്ല എന്നർത്ഥം. അമിതമായ ആഗ്രഹമില്ലാതെ തന്നെ ധനസമ്പാദനം നടത്തി. സമ്പത്തിന് വേണ്ടി മാത്രമല്ലാതെയാണ് രാഷ്ട്രത്തിനുള്ള സമ്പത്ത് നേടിക്കൊണ്ടിരുന്നത്. യാതൊന്നിലും ഒട്ടലില്ലാതെ സുഖത്തിന് മാത്രമായി സുഖം അനുഭവിച്ചു.

(തുടരും)



RNI Registration Number – KERMAL/2012/56910

## ശ്രീമദ്ദേവീഭാഗവതവിമർശം

## ശ്രീമഹാഭാഗവതം

## കാശ്മീരശൈവദർശനപ്രവേശിക

## താന്ത്രികവൈഷ്ണവദർശനം

youtube.com/shripuram SUBSCRIBE

facebook.com/ShripuramTrust FOLLOW

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*